

# ഡിജി-സൈൻ

DIGITAL MAGAZINE 2018-19
GHSS MAVOOR

# മുഖമൊഴി

വായനയുടെ ലോകം വളരെയധികം മാറുകയാണ്. പുസ്തകങ്ങളും മാഗസിനുകളും ഡിജിറ്റലായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മാവൂർ ഗവൺമെന്റ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ തയ്യാറാക്കിയ മാഗസിനാണ്

**“ഡിജി-സൈൻ”**

എല്ലാ ക്ലാസുകളിലെയും കുട്ടികളുടെ സൃഷ്ടികളും പ്രധാന പ്രവർത്തനങ്ങളുടെ ചിത്രങ്ങളുമാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ എളിയ സംരംഭം വായനക്കാർക്ക് സമർപ്പിക്കുന്നു...

# സന്ദേശം



വിജ്ഞാനം വിരൽത്തുമ്പിൽ എത്തി നിൽക്കുന്ന പുതിയ കാലഘട്ടത്തിൽ വിവരവിനിമയ സാങ്കേതിക വിദ്യയിൽ കുട്ടികളെ പ്രാവീണ്യമുള്ളവരാക്കുന്നതിനും അതുവഴി ഹൈടെക് ക്ളാസ് മുറികളിലെ പഠനപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുമായി പൊതു വിദ്യാഭ്യാസ വകുപ്പ് തുടക്കം കുറിച്ച 'ലിറ്റിൽ കൈറ്റ്സ്' പദ്ധതി നമ്മുടെ സ്കൂളിൽ കാര്യക്ഷമമായി നടക്കുന്നുവെന്നത് ഏറെ അഭിമാനാർഹമാണ്. 'ലിറ്റിൽ കൈറ്റ്സ്' യൂണിറ്റിലെ മിടുക്കരായ കുട്ടികളുടെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധപ്പെടുത്തുന്നുവെന്നത് അതിലേറെ സന്തോഷം നൽകുന്നു. ഐ.സി.ടി. യിൽ പ്രാവീണ്യം നേടുന്നതോടൊപ്പം തന്നെ കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും ഇത് പ്രയോജനകരമാണ്. ഈ സദ്ഉദ്യമ ത്തിൽ പങ്കാളികളായ മുഴുവൻ 'ലിറ്റിൽ കൈറ്റ്സ്' അംഗങ്ങളേയും മാർഗ നിർദേശങ്ങൾ നൽകിയ അധ്യാപകരേയും ഈ അവസരത്തിൽ അഭിനന്ദിക്കുന്നതോടൊപ്പം തന്നെ ഈ സംരംഭത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

സ്നേഹപൂർവം

**സത്യാനന്ദൻ കെ.സി**

**ഹെഡ്മാസ്റ്റർ**

# സന്ദേശം

അബ്ദുസ്സലാം പി. പി
HSA ഇംഗ്ലീഷ്.
(കൈറ്റ് മാസ്റ്റർ)

വിവരവിനിമയ സാങ്കേതിക വിദ്യയിൽ മികവ് പുലർത്തുന്ന ഒരു കൂട്ടം വിദ്ധ്യാർത്ഥികളുടെ കൂട്ടായ്മയായ മാവൂർ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ '**ഡിജി-സൈൻ**' എന്ന പേരിൽ ഡിജിറ്റൽ മാഗസിൻ പുറത്തിറക്കാൻ സാധിച്ചതിൽ വളരെയധികം സന്തോഷമുണ്ട്. കുട്ടികളുടെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുന്നതിന് നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് രൂപപ്പെടുത്തിയ E- മാഗസിന് എല്ലാ വിധ ആശംസകളും അർപ്പിക്കുന്നു.

സ്നേഹപൂർവ്വം,
**അബ്ദുസ്സലാം പി. പി**

# സന്ദേശം

ശ്രീലത. യു. സി.
HSA മാത്തമാറ്റിക്സ്
( സീനിയർ അസിസ്റ്റന്റ് )

കുട്ടികളുടെ സർഗ്ഗവാസനകൾ ഡിജിറ്റലൈസ് ചെയ്ത് ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിലെ എല്ലാ കുട്ടികൾക്കും അഭിനന്ദനങ്ങളും ആശംസകളും അറിയിക്കുന്നു. പരിശീലകരായ അധ്യാപകർക്കും അഭിനന്ദനങ്ങൾ.

സ്നേഹപൂർവ്വം,
**ശ്രീലത. യു. സി.**

# സന്ദേശം

എസ്. ശിവദാസൻ
**HSA** ഹിന്ദി

വർത്തമാനകാലം ഐ ടി യുഗത്തിലൂടെയാണ് കടന്നുപോകുന്നത് . ആധുനിക വിവര വിനിമയ സാങ്കേതിക വിദ്യയുടെ ഉപയോഗം സ്കൂളുകളിൽ സജീവമായി നടപ്പിലാക്കി വരുന്നു. അതുവഴി പഠന-ബോധന പ്രക്രിയകൾ കൂടുതൽ ലളിതവും രസകരവുമായിത്തീരുന്ന അനുഭവമാണ് നമുക്കുള്ളത്. വിദ്യാർത്ഥികളിൽ ഭാഷയും മാനവികതയും ചിന്താശേഷിയും ചോർന്നു പോകാതെ ഐ സി ടി അധിഷ്ഠിതമായി എങ്ങനെ തങ്ങളുടെ സർഗ്ഗാത്മക രചനകൾ സജീവമായി ആവിഷ്കരിക്കാമെന്നതാണ് നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കിയ ഈ ഡിജിറ്റൽ മാഗസിൻ വെളിവാക്കുന്നത് . ഇവരുടെ ആദ്യ സാഹിത്യ സംരഭമാണിതെന്നറിയുന്നു. നമ്മുടെ കുഞ്ഞു പ്രതിഭകളുടെ രചനകൾ നിലാവിന്റെ നൈർമ്മല്യവും കവനചാരുതയും മനന മാധുര്യവും ഇഴചേർന്ന് ഒരു വർണ്ണരാജിപോൽ ഇതിൽ പ്രശോഭിക്കുന്നതായി കാണാം . ഏറെ സന്തോഷമുണ്ട്, അഭിമാനവും. ഈ ഡിജിറ്റൽ മാഗസിന്റെ അണിയറയിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥി പ്രതിഭകൾക്കും എന്റെ അകം നിറഞ്ഞ ആശംസകൾ ഹൃദയപൂർവ്വം നേർന്നു കൊള്ളുന്നു.

സ്നേഹപൂർവം

**എസ്. ശിവദാസൻ**

# സന്ദേശം

അബ്ദുൾ മജീദ്
HSA മലയാളം

മാവൂർ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിന് സർവ്വ ആശംസകളും നേരുന്നു. വായനയുടെ നവവാതായനം തുറക്കുന്ന ഇതിലെ അംഗങ്ങൾക്ക് അഭിനന്ദനങ്ങൾ. സർഗ്ഗശേഷിയുടെ ഉണർവ്വിനും, ഉണർത്തലിനും ഇത് അവസരമൊരുക്കട്ടെ...

സ്നേഹപൂർവ്വം
അബ്ദുൾ മജീദ്

# MESSAGE

Madusoodhanan. P
H S A English

Congratulate the little kites IT Club ,GHSS MAVOOR for their endeavour to bring out a digital magazine.

**Madhusoodanan .p**

# EDITORIAL BOARD


CHIEF EDITOR:

**AMARNATH.K**

ASSISTANT EDITORS:

**SHEETHAL .S. MANU, KEERTHANA.V**

MODERATOR:

**SWATHI SIVAN, VARNA.S**

PICTURE EDITORS :

**RINSHA YOONUS .P, ABHIRAM SUBHASH**

TEXT EDITOR :

**ANANDU .R, JIBIN.P**

MEMBERS

ARYA.K.K
FARSANA
MARY TANIYA MENDEZ
ATHUL K
SREEHARI
HIBA FATHIMA KM
SHIKHA.K
DHEERAJ KUMAR
FATHIMA HENAN
HARSHUNATH

MUHAMMED RISHAD
MUHAMMED HASEEB
THEERTHA AV
THREYA CHEENKOL
SNEHA P
VARSHA E
SHARMINA PARVIN
FATHIMATH SAFEEDA
AYISHA NOURIN
ABHAY RAJ C
ADHITHYAN N

# താളുകളിൽ

## കഥ


THREE FRIENDS ........ 13
മരിക്കുന്നില്ല എന്നിൽ പ്രതീക്ഷയുടെ കണങ്ങൾ ഇനിയും ........ 23
റോസാപ്പൂ ............ 34
വലയിൽ അകപ്പെട്ട കാക്ക .............. 35
A GENTILE SIGH ........... 37
പാവങ്ങൾക്കുമുണ്ടൊരു ഒരു ജീവിതം ........... 40
ബഷീറിന്റെ കുട ........... 41
അപ്പവും മുത്തശ്ശിയും ............ 42
ചിരിക്കുടുക്ക ............... 44
ഏത്തപ്പഴം എന്ന നേന്ത്രപ്പഴം ........ 47
ഘടികാരം ........ 49
മിസ്ഡ് കോൾ .......... 50
നിലാവും നക്ഷത്രങ്ങളും ............ 53
മേന്മയുള്ള തടി ........... 54
ഒരു ഓടയുടെ തേങ്ങൽ ........... 55


## കവിത


നറുനിലാവ് പോലമ്മ ...... 12
FELLOWSHIP ....... 18
MY MOTHER ....... 18
ഉഷസ്സ് ........ 22
MY ENDLESS DESIRE .........26
THE SHED ....... 27
മിന്നുവിന്റെ പൂന്തോട്ടം ........ 28
പ്ലാസ്റ്റിക്ക് കണ്ണുള്ള കുട്ടി ...... 30
വിഷുപ്പുലരി .......... 33
അക്ഷര ചെപ്പ് ..........38
യാത്ര .......39
അമ്മ .......... 39
മലയാളം...........43
ബാല്യകാലം ......... 43
My Dear Mother ...........46
NATURE ........ 46
SPRING ........... 46
ജലം ........... 48
എന്റെ മലയാളം....... 48
കൃഷിപ്പാട്ട് ........ 51
എന്റെ ഗ്രാമം ....... 51

# താളുകളിൽ

## വായനക്കുറിപ്പ്


സ്വപ്നദർശനത്തിൽ ഒരു ഇടയ ബാലൻ ....... 9

ഗള്ളിവറുടെ യാത്രകൾ ............. 45

ഭൂമിക്കൊരു ചരമഗീ ..................... 45

കുഞ്ഞിക്കൂനൻ ..................52

കളഞ്ഞുപോയത് കിട്ടിപ്പോയ് .............. 52

ചരിത്രഭൂമിയിലേക്ക് ഒരു യാത്ര - യാത്രാവിവരണം........14

നാട്ടുപെരുമ - GK......... 19

NATURE ALSO STARTED TO SPEAK- Essay......25

**Puzzle Corner.........** 29

ക്വിസ്സ് -GK ............31

പുസ്തകം: ആൽകെമിസ്റ്റ്

പൗലോ കൊയ്‌ലോ

# സ്വപ്നദർശനത്തിൽ ഒരു ഇടയ ബാലൻ

- സീനിയ ദാസ് 8H

ലോകപ്രശസ്ത ബ്രസീലിയൻ സാഹിത്യക്കാരനാണ് ആൽകെമിസ്റ്റിന്റെ രചയിതാവായ പൗലോ കൊയ്‌ലോ. 1947-ൽ റിയോ ദെജനേറോയിൽ ആയിരുന്നു ജനനം. ഏറ്റവും കൂടുതൽ വിവർത്തനം ചെയ്യപ്പെട്ട ആൽകെമിസ്റ്റ് എന്ന് ഗ്രന്ഥത്തിന്റെ കർത്താവെന്ന നിലയിൽ 2009ൽ പൗലോ കൊയ്‌ലോ ഗിന്നസ് ബുക്കിൽ സ്ഥാനം നേടി. ഒരു സ്വപ്നദർശനത്തിന്റെ പ്രേരണയിൽ സാന്റിയാഗോ എന്ന ഇടയബാലൻ നടത്തുന്ന യാത്രയാണ് ആൽകെമിസ്റ്റിന്റെ പ്രതിപാദ്യം.

മൂന്നു പതിറ്റാണ്ടുകളായി ഏറെ ചർച്ച ചെയ്യപ്പെട്ട ഒരു നോവലാണ് ബ്രസീലുക്കാരനായ പൗലോ കൊയ്‌ലോ രചിച്ച ' ദി ആൽകെമിസ്റ്റ്. 67 ഭാഷകളിലായി ആറരകോടിയിലേറെ കോപ്പികൾ വിറ്റഴിഞ്ഞ ഈ ഗ്രന്ഥം ഒരു നോവൽ എന്നതിലേറെ പ്രചോദനാത്മക ഗ്രന്ഥം എന്ന പേരിലാണ് അറിയപ്പെടുന്നത്. ഇടയബാലനായ സാന്റിയാഗോ താൻ സ്വപ്നത്തിൽ ദർശിച്ച നിധി തേടി സ്പെയിനിൽ നിന്നും ലഭിക്കുന്ന അറിവുകളും അനുഭവങ്ങളും ജീവിതവീക്ഷണങ്ങളും കാഴ്ച്ചപ്പാടുകളും സമ്മാനിക്കുന്നു.ഒരു വ്യക്തിയിലുണ്ടാകുന്ന മാനസിക പരിവർത്തനങ്ങളെ ക്രമാനുഗതമായി അവതരിപ്പിക്കുന്നതിന് സാന്റിയാഗോ എന്ന കഥാപാത്രത്തെ പൗലോ കൊയ്‌ലോ സമർഥമായി ഉപയോഗിക്കുന്നു. സാന്റിയാഗോ കണ്ടുമുട്ടി പരിചയപ്പെട്ട വൃദ്ധനായ ഒരു രാജാവും, ഭാഗ്യാന്വേഷിയായ ഇംഗ്ലീഷുക്കാരനും, അറബി പെൺകുട്ടിയും, ആൽകെമിസ്റ്റുമൊക്കെ പങ്കുവെച്ച ജീവിത യാഥാർത്ഥ്യങ്ങളാണ് വായനക്കാരെ പ്രചോദിതരാക്കുന്നത്. ഹൃദയത്തിൽ താലോലിക്കുന്ന സ്വപ്നങ്ങളെ പിന്തുടരുന്നവർക്ക് ഈ ഉപദേശങ്ങൾ ഒരു മാർഗരേഖയാണ്.

" എന്തു വേണം എന്ന തീരുമാനിക്കുക. ജീവിതത്തിൽ എന്തൊക്കെ വേണം എന്ന കൃത്യമായി തീരുമാനമെടുത്തവർക്കേ അതു നേടാൻ കഴിയൂ." എന്നതാണ് ആൽകെമിസ്റ്റ് എന്ന നോവലിന്റെ ആദ്യത്തെ പാഠം. സാന്റിയാഗോ എന്ന ഇടയബാലൻ നടത്തുന്ന യാത്രയിൽ കാണുന്ന ഓരോ വ്യക്തികളിൽ നിന്നും ഓരോ പാഠങ്ങൾ അവൻ പഠിക്കുന്നു. " ചെയ്യുന്ന കാര്യങ്ങൾ ഏകാഗ്രതയോടെ ചെയ്യുക. ഒരു കാര്യം ചെയ്തുകൊണ്ടിരിക്കുമ്പോൾ മറ്റൊന്നിനെക്കുറിച്ചു ചിന്തിക്കാതിരിക്കുക." എന്നതായിരുന്നു ആ യാത്രക്കാരനായ ഇടയബാലന് ലഭിച്ച രണ്ടാമത്തെ പാഠം. ഇങ്ങനെ യാത്ര തുടരുമ്പോൾ ഒരുപാട് യാത്രാനുഭവങ്ങളും പാഠങ്ങളും ആ ഇടയബാലന് ലഭിക്കുന്നു. സാന്റിയാഗോ ആട്ടിൻപ്പറ്റങ്ങളെ മേച്ചു നടക്കുമ്പോൾ അവന്റെ കൈപിടിച്ച് ഒരു കുട്ടി അവനെ ഈജിപ്റ്റിലേക്ക് കൂട്ടി കൊണ്ടുപോവുകയാണ്. ഇങ്ങനെ കൂട്ടികൊണ്ടുപോവുകയും പിരമിഡുകൾക്കടുത്തുള്ള നിധി കാട്ടികൊടുക്കൊകയും ചെയ്യുന്നു. ഇങ്ങനെയുള്ള ഒരു സ്വപ്നദർശനത്തിന്റെ പ്രേരണയിൽ സാന്റിയാഗോ യാത്രതിരിച്ചതാണ്. ജീവിതത്തിലൂടെ സന്ദേഹിയായ മനുഷ്യൻ നടത്തുന്ന തീർത്ഥ യാത്രയാണിത്. ഇതിൽ കണ്ടുമുട്ടുന്ന ഭിക്ഷക്കാരനെയും ഫാത്തിമ എന്ന അറബ് രാജ്യത്തിന്റെ സന്തതിയേയും സന്യാസിയേയും എല്ലാം ഇതിൽ വ്യക്തിമാക്കുന്നുണ്ട്. ഇവരിൽ ഓരോരുത്തരിൽ നിന്ന് ഓരോ പാഠങ്ങൾ അവൻ പഠിക്കുന്നുമുണ്ട്. തീവ്രമായി ആഗ്രഹിക്കുന്ന കാര്യത്തിനായി ഇറങ്ങിപുറപ്പെട്ടാൽ ഈ പ്രപഞ്ചം പോലും സ്വപ്നംപോലും സ്വപ്നസാക്ഷാത്കാരത്തിനായി നിങ്ങളോടൊപ്പം ഉണ്ടാവും എന്നകി ഈ നോവൽ ആകർഷകമാകുവാനുള്ള കാരണം. "നല്ലതു കാണുക. നമ്മുടെ ജീവിത യാത്രയ്ക്കിടയിൽ നിരവധി സുന്ദര മുഹൂർത്തങ്ങൾ നാം നഷ്ടപ്പെടുത്താറുണ്ട്."

"പ്രവർത്തനങ്ങളില്ലാത്ത സ്വപ്നം നിഷ്ഫലമാണ്. സ്വപ്ന നേട്ടങ്ങൾക്കായി പ്രവർത്തിച്ചുകൊണ്ടേയിരിക്കുക." "പഠനം ഒരു ശീലമാക്കുക. പുതിയ അറിവുകളിലൂടെയും അനുഭവങ്ങളിലൂടെയും മാത്രമേ പരിവർത്തനം സാധ്യമാകൂ."

"പരാജയങ്ങളെ ഭയപ്പെടാതിരിക്കുക. പരാജയങ്ങൾ പുതിയ അറിവും അനുഭവവും നല്കുന്നു. വീണ്ടും ശ്രമിക്കുക."

" ഇതുവരെ ചെയ്യാത്ത പുതിയ കാര്യങ്ങൾ ചെയ്യുക. ചെയ്യാത്ത കാര്യങ്ങൾ ചെയ്യുമ്പോൾ കൂടുതൽ ആത്മവിശ്വാസം കൈവരിക്കാൻ കഴിയും."

"ലക്ഷ്യത്തിൽ എത്തിച്ചേരുകയും, എത്തിച്ചേരുംവരെ സ്വപ്നത്തെ പിന്തുടരുക. ശ്രമത്തിൽ നിന്നും പിന്മാറരുത്."

ഇതൊക്കെയാണ് ലോക പ്രശസ്ത ബ്രസീൽ എഴുത്തുക്കാരനായ പൗലോ കൊയ്‌ലോ ഒരു ഇടയബാലന്റെ യാത്രയുടെ പശ്ചാത്തലത്തിൽ എഴുതിയത്.

ഇങ്ങനെ കുറേ പാഠങ്ങൾ അവൻ യാത്രയിൽ നിന്ന് ഊറ്റിയെടുത്തു. ഈ സ്വപ്നത്തിന്റെ അർഥം കണ്ടെത്താൻ സാന്റിയാഗോ നടത്തുന്ന ശ്രമങ്ങളിലൂടെയാണ് കഥ പുരോഗമിക്കുന്നത്. സാന്റിയാഗോയുടെ യാത്രയ്ക്കിടയിൽ ചിത്ര ശലഭം, ജിപ്സി സ്ത്രീ... വൃദ്ധൻ തുടങ്ങി പലരേയും അവൻ കണ്ടുമുട്ടുന്നു. ഇതിൽ വൃദ്ധൻ പറഞ്ഞുകൊടുക്കുന്ന കഥ എനിക്ക് വളരെ ഇഷ്ടമാണ്. സന്തോഷത്തിന്റെ രഹസ്യമറിയാൻ അച്ഛൻ വിടുന്ന ഒരു മകന്റെ കഥ വളരെ രസകരമാണ്. ഒരുപാട് സഞ്ചരിച്ചതിനുശേഷമാണ് അവൻ അവിടെ എത്തിയത്. എന്നാൽ, അവിടെ എത്തിയപ്പോൾ കണ്ടത് വളരെ അദ്ഭുതകരമായ ഒരു കാഴ്ച്ചയായിരുന്നു. അവൻ പ്രതീക്ഷിച്ചിലതികമായിരുന്നു അവിടെ അവൻ കണ്ട കാഴ്ച്ച.

വളരെ ആകർഷകമായ ഒരു നോവലാണ് ബ്രസീലിയൻ എഴുത്തുകാരനായ പൗലോ കൊയ്‌ലോയുടെ ദി ആൽകെമിസ്റ്റ്. അവൻ ആ പഴയ പള്ളിമുറ്റത്തേക്ക് മടങ്ങിയെത്തി. എത്രയോ കാലങ്ങളായി ഉപേക്ഷിക്കപ്പെട്ട നിലയിൽ ജീർണ്ണിച്ചുകിടക്കുന്ന പള്ളി. സന്ധ്യ മയങ്ങാൻ തുടങ്ങിയ നേരം. സാക്രസ്റ്റിയുടെ സ്ഥാനത്ത് നിന്നിരുന്ന, സൈമോർ മരം അപ്പോഴും അവിടെ തന്നെയുണ്ടായിരുന്നു. പകുതി പൊളിഞ്ഞു വീണുകഴിഞ്ഞ മേൽക്കൂരയിൽക്കൂടി നക്ഷത്രങ്ങളെ കാണാം. പുതിയ ഒരു പറ്റം ആട്ടുകളുമായി അവൻ വീണ്ടും അവിടെ എത്തിച്ചേർന്നിരിക്കുന്നു. അവിടെ അപ്പോൾ ഒരു കാറ്റ് വീശാൻ തുടങ്ങി. ആഫ്രിക്കൻ തീരങ്ങളിൽനിന്ന് അടിക്കുന്ന ലെവന്റർ. അതിൽ മരുഭൂമിയുടെ മണമുണ്ടായിരുന്നില്ല. ഈ ആൽകെമിസ്റ്റ് അത്തരമൊരു പുസ്തകമാണ്. പ്രചോദനത്തിന്റെ നീലക്കാർ എന്നവണ്ണം ഇത് പ്രചോദനത്തിന്റെ ഒരു നല്ല പുസ്തകമാണ്.

# നറുനിലാവ് പോലമ്മ



സ്നേഹമയിയെന്നമ്മ
സ്നേഹത്തണലാണമ്മ
നറുനിലാവ് പോലമ്മ
സ്നേഹപാൽകുടമാണമ്മ
സ്നേഹത്തണലിൽ തല ചായ്ക്കുവാൻ
കൊതിയ്ക്കുന്നു എൻ മനം
ഒരിളം തെന്നലായ് എന്നമ്മ
അരികത്തണഞ്ഞെങ്കിൽ
എന്നമ്മയുടെ സ്നേഹത്തണൽ
ഒരു തേൻകുടമായി എൻ
ഹൃദയത്തിൽ ഒഴുകുന്നു
ആ സ്നേഹവാത്സല്യം നുകരാൻ
എൻ മനം കൊതിക്കുന്നു
ഇനിയൊരു ജന്മമുണ്ടെങ്കിൽ
എന്നമ്മയുടെ മകളായി
തീരാൻ എൻ മനം കൊതിക്കുന്നു

-അച്ചുകൃഷ്ണ -

# THREE FRIENDS

BY ANANDU.R.

Once there was three friends named Joe, Harly and Dan, They were dancers, they were friends. They performed every single dance performance together they were good friends each of them had their own specialities. One day while they was performing on the stage in America, the third friend Dan was arrested for an fake case,he was arrested for robbery. The two friends knew that dan could never do such a thing so they started to look for the culprit of the robbery so they went to the scene of robbery they asked the help of Joe brother John,he worked as a cia , they started to investigate on the robbery they found a fingerprint and a piece of hair they kept the fingerprint and sent the hair for dna test,after some time they found that the hair was not of an American and it was of an African. The next day,they returned to the robbery scene and investigated that if any Africans lived in the house but no Africans lived in that house so they locked that the robber is an African or the African have something with this case

So he started to check the nearby areas to find if there is an African living around,they planned to check it on the next day,the two friends went to visit him on the prison,they told Aan they have started their investigation Dan told him to call his family and tell them not to worry,so after getting home they called Dan's father and mother told them everything Dan told him ,one the next day they started to investigate if there is an African around the area of the house of robbery. A few mile's away they found a house were lived five africans,the two friends went to the house and examine their fingerprints not any of their fingerprints matched but when the friends were about to check the last ones finger print he ran they chased him,at last he fell down he was very tired and both the friends were also tired but they caught him,when they tested his fingerprint they were amazed the culprit was him,they kept him under their custody

The next day they brought him on the court he accepted that he robbed the house and dan was set free by the court and he called his mother and father that he had been set free by the court and they lived happily performing dances .

# നെല്ലിപ്പഴം

ഒരു പാവം മരമാണ് നെല്ലിമരം. കിങ്ങിണിക്കാട്ടിലെ അരുവിക്കരയിലാണ് അതിന്റെ താമസം. മറ്റു മരങ്ങൾക്കന്നും നെല്ലി മരത്തെ ഇഷ്ടമില്ലായിരുന്നു. തക്കം കിട്ടിയാൽ ഓരോന്നും പറഞ്ഞ് അതിനെ കളിയാക്കും.പാവം നെല്ലിമരത്തിന് സങ്കടം വരും. ഒരു ദിവസം തേൻ മാവ് നെല്ലി മരത്തോട് പറഞ്ഞു "എടോ നെല്ലി നിന്നെ ആർക്കാണ് വേണ്ടത്. നിന്റെ പഴമാകട്ടെ ഭയങ്കര കയ്പ്പും, ആരെങ്കിലും നിന്റെ പഴം തിന്നുമോ. നിന്റെ തടിയോ വിറകിനായി മാത്രം എടുക്കാം. നിന്നെ കൊണ്ട് മറ്റെന്ത് ഉപകാരമാണ് ഉള്ളത്. നിന്നെ ആർക്കും വേണ്ട. "പാവം നെല്ലി മരം ഒന്നും മിണ്ടിയില്ല. ദിവസങ്ങൾ കടന്നുപ്പോയി. ഒരു ദിവസം കാട്ടിൽ കുറേ ആളുകൾ വന്നു. അവർ നെല്ലി മരത്തിന്റെ അടുത്തെത്തി.

അതിൽ മുതിർന്നയാൾ പറഞ്ഞു "ഹാവൂ, എത്തര നേരമായി നമ്മൾ നെല്ലിമര അന്വേഷിച്ച നടക്കുന്നു. ഇതിലാണെങ്കിൽ നിറയെ മൂത്ത നെല്ലിക്കയും. നമുക്കു പറിച്ചെടുക്കാം. അവരുടെ സന്തോഷം കണ്ട് നെല്ലി മരത്തിന് സന്തോഷമായി. അത് സംതൃപ്തിയോടെ തലകുനിച്ചുകൊടുത്തു. സഞ്ചി നിറയെ നെല്ലിക്കയുമായി അവർ മടങ്ങി. തേൻ മാവ് ഇതെല്ലാം കണ്ടു. കുശുമ്പോടെ നെല്ലി മരത്തോട് ചോദിച്ചു "എന്തിനാണവർ നിന്നെ തേടി വന്നത് ? അവർ എന്താണ് നിന്നോട് പറഞ്ഞത് ? "നെല്ലി മരം പറഞ്ഞു "അത് മരുന്നു കമ്പനിക്കാരാണ്. എനിക്ക് നല്ല ഔഷധഗുണമാണ് പോലും, എന്റെ കായക്കൊണ്ട് കഷായവും, ലേഹ്യവുമൊക്കെ ഉണ്ടാക്കാം. നെല്ലിക്ക അച്ചാറും, ഉപ്പിലിട്ടതും മനുഷ്യർക്ക് ഏറെ പ്രിയമാണ്പോലും. അതുവരെ താൻമാത്രമാണ് കേമനെന്ന് വിചാരിച്ചിരുന്ന തേന്മാവ് ലജ്ജിച്ച് തലതാഴ്ത്തി. അത് പിന്നീടൊരിക്കലും നെല്ലിമരത്തെ കളിയാക്കിയിട്ടില്ല.

ഇതിൽ നിന്ന് നമുതക്ക് കിട്ടുന്ന ഗുണപാഠം

"പ്രകൃതിയിലാരും മോശക്കാരല്ല, ഒന്നല്ലെങ്കിൽ മറ്റൊരു തരത്തിൽ എല്ലാ ജീവജാലങ്ങളും ഉപകാരികളാണ്.

ANAGHA.M



# ചരിത്രഭൂമിയിലേക്ക് ഒരു യാത്ര

അതൊരു വേനലവധിക്കാലമായിരുന്നു. കളിചിരി ആരവങ്ങളുടേയും ഉല്ലാസത്തിമിർപ്പിന്റെയും മെയ്യാസക്കാലം. വായിച്ച് വായിച്ച് കൊതിയടങ്ങുമ്പോൾ എന്നും ഒരു യാത്രക്കായി എന്റെ മനം

തുടിച്ചിരുന്നു.അങ്ങനെ ഒരു ദിവസം ഞങ്ങൾ യാത്ര പുറപ്പെട്ടു.എല്ലാ പ്രാവശ്യത്തേയും പോലെ ഈ പ്രാവശ്യവും ചരിത്രമണ്ണിലേക്കു തന്നെയായിരുന്നു യാത്ര. ചരിത്രമുറങ്ങുന്ന മലബാറിന്റെ സ്വന്തം തിരൂരിലേക്ക്.ട്രെയിനിലായിരുന്നു യാത്ര. രാവിലെ ഏഴ് മണിക്ക് ട്രെയിൻ സ്റ്റേഷനിൽ നിന്ന് പുറപ്പെട്ടു.ഏതാണ്ട് എട്ട് മണിയാകുമ്പോൾ അവിടെ എത്തുമെന്നായിരുന്നു കിട്ടിയ നിർദേശം.ഓരോ സ്റ്റേഷൻ കഴിയും തോറും എന്റെയുള്ളിൽ എന്തെന്നില്ലാത്ത സന്തോഷവും ഉത്സാഹവുമായിരുന്നു.ഞാൻ ഇതുവരെ വായിച്ച എന്റെ പ്രിയപ്പെട്ടവരെ ഇന്നിതാ കാണാൻ പോകുന്നു .ഒരിക്കലും പ്രതീക്ഷിക്കാത്തതിനായതിനാൽ തന്നെ എന്നിലുണർന്ന ജിജ്ഞാസ അളവറ്റതായിരുന്നു.ഏതാനും നിമിഷങ്ങൾക്കകം ഞങ്ങൾ തിരൂരിലെത്തി.അവിടെ ഇറങ്ങിയതും മനസ്സിനെ കുളിരണിയിപ്പിക്കുന്ന ഒരു ഇളംകാറ്റ്

എന്നെതഴുകി മാടിവിളിക്കുകയായിരുന്നു തുഞ്ചനെ കാണാൻ , തത്തയെ കാണാൻ,മാമാങ്കത്തെ അറിയാൻ .

ഞങ്ങൾ ആദ്യം പോയത് തുഞ്ചൻ പറമ്പിലേക്കാണ്.

അനസൂയ

# അറിവിൻ അക്ഷരങ്ങൾ

അ എന്നക്ഷരം അമ്മയായ്
നാവിൻ തുമ്പിലെത്തും.

അക്ഷരങ്ങൾ അറിവായ് തീരുന്നു.
വാക്കുകൾ മഴയായ്
പെയ്തിറങ്ങുന്നു.

അക്ഷരങ്ങൾ അറിവായ് നിറവായ്
മനസ്സിൽ കയറുന്നു.
അക്ഷരങ്ങൾ പഠിക്കാനായ് കുട്ടികൾ അറിവിൻ
വിദ്യാലയത്തിലെത്തുന്നു

അദ്ധ്യാപകർ കുട്ടികൾക്ക് അറിവ്
പകർന്നു നൽകുന്നു.
അക്ഷരങ്ങൾ അറിവായ്
പെയ്തിറങ്ങുന്നു.

---

By : GILTTA
8th G

## ഹൈക്കു കവിത

കവി
കൂട്ടം തെറ്റിയ
അക്ഷരങ്ങൾക്ക്
കൂടൊരുക്കിയവൻ.

**സി .കെ.പ്രേംകുമാർ**

By:Sheethal
9th F

# LOST CHILDHOOD

It was chenni Railway station ,
The disturbing sound of Train was also started with that Journey mom. Anoop opened the book in his hand and have a book at it .But he can't read it Because he lost his mind , that his mind drop his body in the train and
flier to some where . He closed his eyes also with the book . And something came clearly in to his mind the fields..... butterflies .... birds.... ponds.... temple..... folk stories. He realized that his mind want to go to his childhood . And it was not in his control as speed
as train , he was also travelling to his childhood .

A little boy was running through the field towards a small hut . And somebody in shouting from
there . “Anu......Anu...” “yes, mom I am here” anu were did you go ' I just to that filed mom 'ho! I just
afraid ' This is Anoop and his mother Nirmmala." Anu... this is too much , I think you know that you
are my only hope . And why are you behaving like this ? If you want to go out you just ask never.....years passed fast . He was in 6std happiness was filled in his life. But suddenly a bad day comes in to his life. One day that he was returning from school to home. His house was filled
with a lots of peoples. He didn't understand anything.
He lost his mother forever. That was a horrible nerves
for him. His heart was broken. Eyes were wet. Body shined. God destroyed his child hood. He demit want to start in the place any one with out his mother. His eyes was filled with darkness. He lam..... He was neat only running from that place. He was running from the memories he want to lines. He want to be a big person an his mothers wish. He worked hardly. And studied only one aim, I want to live as my mothers wish.

“sir...sir...did you want anything to “eat”. Suddenly Anoop was waked from this dreams, and looked, he rubbed his eyes. It was filled with water. “No, he answered”. “Ok sir”. It was small boy. He thought he was also in his child hood. And lighting with his problems. ' her child hoods' he said. None I was in a big petitions as my mothers wish and I was going back to my village. There was an occasion for me. The appreciate me. I was getting appreciate on mime, then go ”
“OK ,you my sweet sun '

Anoop was a 5 year -old boy . In Devapuram village He has only a mother. He lost his father in his very small age . And his mother in working hardly for her son .

Anoop don't know that what happened to his father . He want to know that. But he don't want to ask his mother about this matter.
Once ,he asked this to his me sister. And she that you father was gone forever .

But he did not under stand anything .'where did he go? He doubted. Is and lied happily with his mother. Mother was his world. His mother tells him about this world and different types of people,animals,
birds etc. And his thought was that there was nothing unknown for his mother and stars was a very Intersting thing for anoop. He was asking many Questions to his mother about the stars. It was a hobby for anoop.

One day, mother told him, “anu.... none you are getting 6 years old . So next ,wear on you must go to school . “School”.The gazed and asked. He can't belies that. He was so ,happy. At that night .His dreams was filled with school. Day's passed Lastly. today in the their day for him in the school. He walked with his mother to school. mother said him “we was near to school”.Suddenly his heart started to pump
speed. 'He thought, I was near to school. His mind was filled with lots of hopes and a little fear. His eyes
became wet that he want to miss his mother. After joining him in the school his mother turned back to go
He heated here lunch hight. And she whispered, Don't be afraid my son. It was far your good. I want to make you a big person. So, you must study well”. He shaker this head. Then school was a hear world for
him never friends.... never teachers.... never experiences..... Every thing never.....years passed fast . He was in 6std happiness was filled in his life. But suddenly a bad day comes in to his life. One day that he was returning from school to home. His house was filled
with a lots of peoples. He didn't understand anything.
He lost his mother forever. That was a horrible nerves
for him. His heart was broken. Eyes were wet. Body shined. God destroyed his child hood. He demit want to start in the place any one with out his mother. His eyes was filled with darkness. He lam..... He was neat only running from that place. He was running from the memories he want to lines. He want to be a big person an his mothers wish. He worked hardly. And studied only one aim, I want to live as my mothers wish.

“sir...sir...did you want anything to “eat”. Suddenly Anoop was waked from this dreams, and looked, he rubbed his eyes. It was filled with water. “No, he answered”. “Ok sir”. It was small boy. He thought he was also in his child hood. And lighting with his problems. ' her child hoods' he said. None I was in a big petitions as my mothers wish and I was going back to my village. There was an occasion for me. The appreciate me. I was getting

appreciate on my land. 'I know  my mother was so, happy today. 'Welcome to Devapuram.' 'Devapuram'! My village I was  in my land. Somebody welcomes him. And he searched there for his house. But,he can't find it. The car was stopped and A stage which was welcoming him with claps. His eyes flowed. When he was Receiving trophy from the minister. In the stage trophy he save that a small bag was playing with his mother. And he save himself there with his mother and he wisphred , ' Mom I catch it “ I catch it for you .”

# FELLOWSHIP

Oh God! ,enlarge within us the sense of
fellowship with all living things ,
our brothers the animals to whom You
gave the earth as their home in
common with us.

We remember with shame that in the past
we have exercised the high dominion
of man with ruthless cruelty
so that the voice of the earth,
which should have gone up to thee
in song ,has been a groan of travail.

May we realize that they live not for
us alone but for themselves and for
You, and that they love
the sweetness of life.

By:Sheethal
9th F



# MY MOTHER

Mom dear mom............
you are my pride..........
you are my strength......
you are my power and luck.....
you are the light.....
that make me bright.......
you are like a shadows....
which follows me in....
happiness as well as trouble...
you are the path....
that guide to win...

-ARATHI .D -

# നാട്ടുപെരുമ

## പാലക്കാടൻ വേഷ്ടി

ഈടും ഉറപ്പുമുള്ള പാലക്കാടൻ വേഷ്ടി കാഴ്ചയിലും മനോഹരമാണ്. വിദഗ്ധ നെയ്ത്തു കാർ പ്രത്യേക തറിയിൽ തയ്യാറാക്കുന്നു.

## പയ്യന്നൂർ പവിത്ര മോതിരം

കണ്ണൂർ ജില്ലയിലെ പയ്യന്നൂരാണ് ഇത് നിർമ്മിക്കുന്നത്. വ്രതശുദ്ധിയോടെ മാത്രമേ ഇത് നിർമ്മിക്കാവൂ എന്നതാണ് വിശ്വാസം.

## തലശ്ശേരി ബിരിയാണി

ബിരിയാണി അരി നെയ്യിൽ വറുത്ത ശേഷം മസാലക്കൂട്ടുകളും കോഴിയിറച്ചിയും ഇട്ട് ദം ചെയ്തെടുക്കുന്നു എന്നതാണ് പ്രത്യേകത.

## കോഴിക്കോടൻ ഹൽവ

കോഴിക്കോട്ടെ മിഠായിതെരുവിന് [എസ് എം സ്ട്രീറ്റ്]ആ പേര് കിട്ടിയത് ഹൽവ കാരണമാണ്. ബ്രിട്ടീഷുകാർ ഇതിനെ സ്വീറ്റ് മീറ്റ് എന്നാണ് പറഞ്ഞിരിക്കുന്നത്. പണ്ടു കാലത്ത് കോഴിക്കോട് കൂടുതലായി ഉണ്ടാക്കിയിരിക്കുന്നതു കൊണ്ടാണ് കോഴിക്കോടൻ ഹൽവ എന്നു പേരു ലഭിച്ചത്.

## ആലത്തൂർ ഉപ്പേരി

കൊതിപ്പിക്കുന്ന നിറവും മണവും രുചിയുമുള്ള നേന്ത്രക്കായ ഉപ്പേരി പാലക്കാട് ജില്ലയിലെ ആലത്തൂരിൽ ഉണ്ടാക്കുന്നു.

## കുട്ടനാടൻ താറാവ്

ആലപ്പുഴയിലെ കുട്ടനാട്ടുള്ള താറാവുകൾ ആണിവ. നല്ല രോഗപ്രതിരോധശേഷിയും രുചിയും ഉണ്ടതിന്.

## വെച്ചൂർ പശു

കേരളത്തിന്റെ സ്വന്തമായ പശു ഇനമാണിത്. കോട്ടയത്തെ വെച്ചൂർപ്രദേശത്തിന്റ പേരിൽ അറിയപ്പെടുന്നു.ഔഷധഗുണമുള്ള പാലാണ് ഇവയ്ക്ക്.

## കാസർഗോഡ് കുള്ളൻ

കാസർഗോഡ് കാണപ്പെടുന്ന ഉയരം കുറഞ്ഞ തനത് ഇനം പശു.

## രാമശ്ശേരി ഇഡ്ഡലി

പാലക്കാട് രാമശ്ശരി പ്രത്യേക ഇഡ്ഡലിയാണ് ഇത്. മൺപാത്രത്തിൽ പുളിമരത്തിന്റെ വിറക് കത്തിച്ച അടുപ്പിൽ ഇത് ഉണ്ടാക്കുന്നു.

## വടകര മുറുക്ക്

രുചിയേറിയ അരിമുറുക്കാണിത്.അധികം ഉറപ്പില്ലാത്ത ഈ മുറുക്ക് കൊച്ചുകുട്ടികൾക്കും കറുമുറു കഴിക്കാം.

## ഇലവഞ്ചേരി കൊടുവാൾ

പാലക്കാട് ജില്ലയിലെ ഇലവഞ്ചേരിയിൽ നിർമ്മിക്കുന്നു.മൂർച്ചയും ഉറപ്പും കൂടുതലാണിതിന്.

## വയനാടൻ മഞ്ഞൾ

സാധാരണ മഞ്ഞളിനെക്കാളും മുഴുപ്പും ഗുണവും കൂടിയതാണ്.

## അടക്കാപുത്തൂർ ലോഹക്കണ്ണാടി

പാലക്കാട്ടെ അടക്കാപുത്തൂരിൽ നിർമ്മിക്കുന്ന ലോഹക്കണ്ണാടി.ആറന്മുള കണ്ണാടിപോലെ പ്രത്യേകതരംലോഹക്കൂട്ടിൽ നിർന്നിക്കുന്നു.

## പാലക്കാടൻ മട്ട

ഉരുണ്ടമണികളോടു കൂടിയ  ചുവന്ന നിറമുള്ള അരി പാലക്കാടാണ് മട്ട കൂടുതലായി കൃഷിചെയ്യുന്നത്.

## മുട്ടികുളങ്ങര എണ്ണ

പാലക്കാട്ടെ മുട്ടികുളങ്ങരയിൽ നിർമ്മിക്കുന്നു. മുറിവ്,ഉളുക്ക്,ഒടിവ്,ചതവ് എന്നിവയ്ക്ക് ഒറ്റ മൂലിയാണിത്.

## അമ്പലപ്പുഴ പാൽപ്പായസം

അമ്പലപ്പുഴ ശ്രീകൃഷ്ണ സ്വാമിക്ഷേത്രത്തിലെ പ്രസിദ്ധമായ നിവേദ്യമാണ് അമ്പലപ്പുഴ പാൽപ്പായസം.

## ആറന്മുള കണ്ണാടി

ആറന്മുളയിൽ പരമ്പരാഗതമായി നിർമ്മിച്ചുവരുന്ന കണ്ണാടിയാണ് ആറന്മുളകണ്ണാടി. പ്രത്യേക ലോഹക്കൂട്ടിലാണ് ആറന്മുളകണ്ണാടി നിർമ്മിക്കുന്നത്.

## കുമരകം കരിമീൻ

സ്വാദിൽ പേരുകേട്ട കുമരകം കരിമീൻ കോട്ടയത്തെ കുമരകത്താണ് ഉള്ളത്.

## ആറന്മുള വള്ളസദ്യ

പത്തനംതിട്ടയിലെ ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിൽ നടത്തുന്ന ആചാരനിബിഡമായ ചടങ്ങാണ്.വള്ളസദ്യ 60 ദിവസത്തോളം നീണ്ടുനിൽക്കും.63 വിഭവങ്ങൾ ഓരോ ദിവസത്തെ സദ്യയിലും ഉണ്ടാവും.വഞ്ചിപ്പാട്ടിലൂടെയാണ് ഈ സദ്യക്കുള്ള വിഭവങ്ങൾ ചോദിക്കുന്നത് എന്ന പ്രത്യേകതയും ഇതിനുണ്ട്.

## ബേപ്പൂർ ഉരു

കോഴിക്കോട് ജില്ലയിലെ ബേപ്പൂർ ഉരു നിർമ്മാണത്തിന് പ്രസിദ്ധമാണ്. പല രാജ്യങ്ങളിലേക്കും ഇവിടെ നിന്നും ഉരു നിർമ്മിച്ച് അയയ്ക്കുന്നു.

- ഫാത്തിമ ഹെനാൻ

9B

# ഉഷസ്സ്

പ്രഭാതമേ പൊൻ പ്രഭാതമേ
പ്രപഞ്ച ഗോപുരമേ
ഉണരും രാവിൽ പല്ലവിമീട്ടുന്ന
ഗ്രാമീണ പെൺകൊടിയേ...
കാരുണ്യം ചൊരിയുന്ന നിൻ പുലരിയിൽ
ഞാൻ അറിയാതലിഞ്ഞു പോയി
നിൻ കൃപ ചൊരിയും ഉഷസ്സിൽ
ഉൽമാത പ്രകാശം വിതറും സൂര്യനാൽ
വിരിയുന്ന പൂമൊട്ടുപോലെ ഉണരുന്ന
പ്രഭാതമേ നീയെൻ മനസ്സിൽ ഊർജ്ജം
നീയില്ലെങ്കിൽ എന്റെ സന്തോഷവും,
ആഹ്ലാദവും ഒന്നുമേ ഇല്ല....
പ്രഭാതമേ പ്രഭാതമേ നീയെൻ
ഹൃദയസ്പന്ദനം....

-ജിബിൻ.പി-

# മരിക്കുന്നില്ല എന്നിൽ പ്രതീക്ഷയുടെ കണങ്ങൾ ഇനിയും

കോരിച്ചൊരിയുന്ന ആ പെരുമഴയിൽ ഒരിറ്റുവിടരാതെ വിങ്ങിപൊട്ടുന്ന മനസ്സിന് ആശ്വാസത്തിന്റെ കുളിർമകൾ നല്കി വീടിന്റെ ഒരറ്റത്ത് അവൾ ഇരിന്നു. മനസ്സ് വേദനായാൽ നീറുകയാണ്. ആശ്വസത്തിന്റെ ഒരു വാക്കു പറയുവാൻ, പൊഴിഞ്ഞു വീഴുന്ന കണ്ണുനീർ തടവാൻ ആരുമില്ല. ഉറച്ച വിശ്വാസത്തിൽ ദേവി മുന്നോട്ടു നോക്കി. പറഞ്ഞു" എന്തിനു ഭഗവാനെ, നീ ഈ ജന്മം എനിക്ക് നൽകി.. ഈ ഭൂമിയിൽ എത്രയോ ജീവൻഉണ്ട് എന്നാൽ അതിൽ ഒന്നു പോലും എനിക്ക് അവകാശപ്പെട്ടതല്ല." ജീവിക്കുന്നു ഞാൻ തെറ്റിയോടുന്ന ഒരു സൂചിയെ പോലെ. അവൻ നെടുവീർപ്പിട്ടു.

ചോറുണ്ട് കൈകഴുകുന്നതിനിടയിലാണ് കുഞ്ഞുണ്ണി നായരെ വിമല അതോർമ്മിപ്പിച്ചത്. അല്ലേട്ടാ, ദേവിയുടെ വീടിന്റെ കാര്യമെന്താകും. "ആ നീ പറഞ്ഞപ്പോഴാ ഞാനതോർത്തില്ല, വീടെന്നൊന്നും പറയാനൊക്കില്ല, വെയിലിൽ നിന്നും മഴയിൽ നിന്നും നനയാതെ നിൽക്കാനുള്ള ഒരു ചുമരുകെട്ട്. എന്തായാലും അവളും ഒരു പെണ്ണല്ലെ, ഒരാളുടെയും ആശ്രയമില്ലാതെ, ഒരാണിന്റെ തണലില്ലാതെ, മാറികൊണ്ടിരിക്കുന്ന മനുഷ്യ സ്വഭാവങ്ങൾക്കിടയിൽ അവൾ ഇപ്പോഴും ജീവിക്കുന്നില്ലെ, ഒരു പെണ്ണിനെ മറ്റൊരു പെണ്ണിന്റെ വേദനയറിയൂ. " നിന്നെ വിഷമിപ്പിക്കാൻ പറഞ്ഞതല്ല, നീ അതു വിട്, അല്ലെങ്കിൽ വേണ്ട നമുക്കവിടം വരെ ഒന്നു പോയി നോക്കാം. വേണമെങ്കിൽ ഇന്നു ഇവിടെ കഴിഞ്ഞോട്ടെ, അത് കുത്തിയൊലിക്കുന്ന മഴയിൽ അത് എപ്പഴാ വീണപ്പോവുകയെന്നറിയില്ല. വാ പോയി നോക്കാം. നീ ആ ടോർച്ച് എടുത്തോ. മക്കളെറിയണ്ട, ഈ മഴയിൽ അവർക്കും പോരേണ്ടി വരും. എന്തൊക്കെയാ, എപ്പോഴക്കെയാ ഇടിഞ്ഞു പൊളിഞ്ഞു വീഴുക എന്നറിയില്ല. വാ..."

" ദേവീ, ദേവീ, ഒച്ചയനക്കമില്ലല്ലോ? അവിടെ ഉണ്ടാകും നീ ഒന്നുകൂടി വിളിക്ക്. മഴയുടെ ശക്തി കൂടുകയാണ്, അങ്ങേപ്പുറത്തെ മാവ് വീണു." " ഈശ്വരാ അതും പോയേ, ആകെ ഉള്ള ഒരു തണലായിരുന്നു." വിമല പറഞ്ഞു. " നീ പഴങ്കഥ പറയാതെ വിളിക്ക്. ദേവീ.. ദേവീ... ആ വിമല ചേച്ചിയോ, പൊഴിഞ്ഞു വീഴുന്ന കണ്ണുനീർ സാരി തുമ്പിൽ തുടച്ച് അവൾ പുറത്തേക്കിറങ്ങി.

നല്ല മഴയാ... നീ അവിടേക്ക പോരര് എപ്പോഴാ ഇടിയാൻ പോകുന്നതെന്ന പറയാൻ പറ്റില്ല." അവൾ ചിരിവിടർത്തി കൊണ്ട് പറഞ്ഞു: വേണ്ട, ഞാനിവിടെ നിന്നുകൊള്ളാം, കൈ വിട്ടു പോകാൻ എനിക്കിനി ഒന്നുമില്ല, പേടിയുമില്ല, വീഴുകയാണെങ്കിൽ വീഴട്ടെ, നിങ്ങൾ പൊയ്ക്കോളൂ, മഴയുടെ ശക്തി വർദ്ധിക്കുകയാണ്, എന്നാലും, ഇനി ഇവിടെ കിടന്നു ചത്താലും കുഴപ്പമില്ല, നിങ്ങൾ എന്നെ വന്നു വിളിച്ചല്ലോ, ഒരു ജീവൻ ഇവിടെയുണ്ടെന്ന് മനസ്സിലാക്കിയല്ലോ, അത് തന്നെ ആശ്വാസം. സന്തോഷിക്കുന്നു ഞാൻ ഈ വേളയിൽ. നിങ്ങൾ പോയ്ക്കോളു.

പ്രകൃതി അവളുടെ കണ്ണുനീർ തുള്ളികൾ കണ്ടില്ല, ആ ജീവന്റെ തുടിപ്പും, വേദനയും അറിഞ്ഞില്ല, പെയ്തു ഒരു നീചനെപ്പോലെ, വിശ്രമമില്ലാതെ, ആഞ്ഞടിക്കുന്ന കാറ്റിലും മഴയിലും ഒരോന്നോരോന്നായി പൊഴിഞ്ഞു പോയി, ജീവന്റെ കണങ്ങൾ ഇല്ലാതായി.

നീണ്ട ഒരു വിളിയാലാണ് ഞാനന്ന് ഉണർന്നത്. "ഏട്ടാ, എഴുന്നേക്ക്," വിമല ആഞ്ഞു വിളിക്കുകയാണ്. " എന്താ, നീ കാര്യം പറ". "നമ്മുടെ അടുക്കള ഭാഗം ഇടിഞ്ഞു വീണു കഴിഞ്ഞു." " ഈശ്വരാ" " പിന്നെ നിങ്ങളറിഞ്ഞോ ദേവീടെ വീടു പോയി." " എന്താ നീ പറയുന്നത്". " അവളുടെ വീട് ഒന്നില്ലാതെ മാഞ്ഞു പോയി കഴിഞ്ഞിരിക്കുന്നു. ഒരു വീടിന്റെ അംശം പോലും അവിടെയെങ്ങും ബാക്കിയില്ല, നിങ്ങൾ വാ നമുക്ക പോയി രണ്ടു വാക്ക പറഞ്ഞുവരാം." " ശരി നീ വാ."

ഒരു മൂലയിൽ അനങ്ങാതെ ഒരിറ്റു കണ്ണുനീർ പൊഴിയക്കാതെ അവളിരിക്കുകയാണ്. ചലനമില്ല, മനുഷ്യശവം പോമരിക്കുന്നില്ല എന്നിൽ പ്രതീക്ഷയുടെ കണങ്ങൾ ഇനിയുംലെ. "സാരമില്ല, വിധി തടുക്കാൻ ആർക്കുമാകില്ല.നീ വിഷമിക്കേണ്ട."

"ഇല്ലാ ഞാൻ എന്ന അധ്യായം ഇവിടെ അവസാനിക്കുന്നില്ല. ഞാൻ ഇനിയും ജീവിക്കും. നഷ്ടപ്പെടാനോ തിരിച്ചു കിട്ടാനോ എനിക്കൊന്നുമില്ല, ഈശ്വരനുമില്ല. എന്നാൽ, ഞാൻ മരിക്കില്ല. കാരണം എന്നിൽ ഇനിയുമുണ്ട് പ്രതീക്ഷയുടെ കണങ്ങൾ. അതിജീവനത്തിന്റെ, ആത്മവിശ്വാസത്തിന്റെ, ഉയർത്തെഴുന്നേൽപ്പ്. ഞാൻ അതിജീവിക്കും, കാണിച്ചുകൊടുക്കും,ഈ ലോകത്തിലെ ഒരു സ്ത്രീയുടെ വിശ്വാസത്തെ. ഇതിവിടെ അവസാനിക്കുന്നില്ല. വരും ഞാൻ ഇനിയും ഉയർത്തെഴുന്നേൽപ്പിന്റെ പുതിയ മുഖവുമായി

# NATURE ALSO STARTED TO SPEAK

We the kerala people are faced a very hard situation two month before. We can't forget that situation and how we manage it. We have got somany lessons from that flood. After the flood I understood one thing that the kerala are very hardworking all the people are helping those people who are in trap. Most of them are staying in their upstairs and refugees camp. At that time we analyse that "Don't Judge Anybody Because We Don't Know What Is Next"

we have got somany lessons from that flood. A man named Jaisal helped the people to get in to boats. He shows his back to help them to get in to the boat. Some days before he was the main man in social media's like face book, news... through that the man is not a ordinary man he is an extra ordinary man.

Especially our kerala government helped us a lot and collected fund from common people.

Pinarayi Vijayan bring a challenge that is collecting fund from common people and they are greedily ready to give money to those who lost their home. And our prime minister Modi, he helped us with 500 crore money it is such a biggest thing we all know that the people in India and other country are helped us a lot.

Now the refugees camps are redused most of them return to their home but in alappuzha,chendamagalam,kuttanadu,chengannur those peoples are living still in refugees camp now also.

At the flood time the situation in kerala are very bad. In most places it is being good now. And other thing we understood is the kerala people are not beggars because before some years there is a flood in Andra Predesh and people from Andra Predesh came here to beg. Like that we kerala people didn't go anywhere to beg from other country's. Through this situation we can understood that the people in kerala are ready to do all challenges because the whole in kerala are not ordinary they are extra ordinary. After the flood we understood that the people in kerala are very caring and loving.

So, don't judge anybody because the whole people who are in a trap of flood all of them are living in refugees camp and there is no discrimination between people who is living in very big lifestyle and who is poor or rich all the people are same in the refugees camps so the people learned somany lessons that, how we can live without mobile phones and now a days we people need phones and television few days before we don't need phones because all of them are in the shock of flood and the other thing is, which is in our mind is:what will happen to me, if i died only the mind of i, i, i......

we don't want to know what will be the problem of other. What others do always our problems is big for us. This types of thinking also changed at the period of flood they started to think that how the people will maintain this and all of us are worried about kerala. The kerala is known as god's own country. And the people believed that god will help us. God and the people in kerala help us a lot and the and the other thing is after 1924 the kerala ever faced such a natural disaster before.

Next we are going to face a very poverty and we people will face that poverty together. We are keralians we know how to face all the situations and no one can fed up us.

So remember one thing : "**NATURE ALSO STARTED TO SPEAK**"

**Mary Taniya - 9 F**

## MY ENDLESS DESIRE

My endless desire is to fly in the sky
Like the birds and butterflies
The birds and butterflies have wings
but I have not wings
I can fly everywhere in the world
with the help of my mind
I know the mind is a horse
without any bridle

**-Ananya vinod-**
**9 C**

# THE SHED

There's a shed at the bottom of our garden
With a spider's web hanging across the door,
The hinges are rusty and creak in the wind.
When I'm in bed lie and I listen,
I'll open that door one day.

There's a dusty old window around at the side
With three cracked panes of glass,
I often think there's someone staring at me
Each time that I pass,
I'll peep through that window one day.

My brother says there's a ghost in the shed
Who hides under the rotten floorboard,
And if I ever dare to set foot inside
He'll jump out and chop off my head,
But I'll take a peek one day.



I know that there isn't really a ghost,
My brother tells lies to keep the shed for his den;
There isn't anyone staring or making strange noises
And the spider has been gone from his web
Since I don't know when,
I'll go into that shed one day soon,

But not just yet…

**-Mary Taniya**

# മിന്നുവിന്റെ പൂന്തോട്ടം

- അനഘ. എം -



ഒരിക്കൽ മിന്നു പൂന്തോട്ടത്തിലേക്ക് പോകുന്നതായി സ്വപ്നം കണ്ടു. അവിടെ മനോഹരമായ ചെടികൾ അവിടെ നല്ല ഭംഗിയുള്ള പൂക്കളും അവൾ കണ്ടു. പൂക്കളിൽ തേൻ നുകരാനായെത്തുന്ന ഭംഗിയാർന്ന പുള്ളിച്ചിറകുകളുള്ള ചിത്രശലഭങ്ങളും തുമ്പികളും.ഹായ് എന്തൊരു ഭംഗി. അവൾ തുള്ളിച്ചാടി കണ്ണ് തുറന്നപ്പോൾ സൂര്യന്റെ പൊൻവെയിൽ മുറിയിലേക്ക് എത്തിനോക്കാൻ തുടങ്ങിയിരുന്നു. അവൾ ചാടി എഴുന്നേറ്റു പൂന്തോട്ടത്തിലേക്ക് പോയി. അവിടെ പൂക്കളില്ല,പൂമ്പാറ്റകളും തുമ്പികളും ഇല്ല.അവൾക്ക് സങ്കടമായി അവൾ വീട്ടിലേക്ക് പോയി താൻ കണ്ട സ്വപ്നത്തെക്കുറിച്ച് അമ്മയോട് പറഞ്ഞു. അമ്മ അവളെ സമാധാനിപ്പിച്ചു. നാളെ മോൾ എഴുന്നേറ്റ് വരുമ്പോൾ ചെടികളിൽ ഒക്കെ പൂക്കൾ വിരിഞ്ഞു നിൽക്കും.മോൾ കരയാതെ ഇപ്പോൾ ഈ ചായ കുടിച്ചോ.

അന്ന് രാത്രി തന്റെ പൂന്തോട്ടത്തിൽ പൂക്കൾ വിരിയുന്നതും ഓറത്ത് അവൾ കിടന്നു.അവളെ സന്തോഷിപ്പിക്കാനെന്നവണ്ണം റോസാ ചെടിയിലും, സൂര്യകാന്തിചെടിയിലും പൂക്കൾ വിരിഞ്ഞു നിൽക്കുന്നത് അവൾ കണ്ടു. അവൾക്ക് സന്തോഷമായി. അവൾ വേഗം പൂന്തോട്ടത്തിൽ എത്തി.അപ്പോൾ അവിടെ പൂക്കളില്ല നിന്ന് തേൻ നുകരാൻ പൂമ്പാറ്റകളും, തുമ്പികളും, കുഞ്ഞിക്കുരുവികളും മൽസരിക്കുന്നുണ്ടായിരുന്നു. അവൾ സന്തോഷം കൊണ്ട്ത്തുള്ളിച്ചാടി.

# Puzzle Corner

1.Heads and Feet

Sanjay and his friends were waiting near the gate of a zoo ,for their teachers to join them. Sanjay curiously asked the zoo keeper,"How many animals and birds do you have in this zoo ?" "There are 30 heads and 100 feet here!"the zoo keeper tricked Sanjay and friends .Could you help to find the actual number of birds and animals in the zoo before the reach ??

2.How many Tickets?

The railway line between Madgari town Abhilapuri city has 25 stations including both. At each of the 25 stations the passengers can get tickets for the rest of the 24 destinations . How many different kinds of tickets do you think the booking clerk at a station has to keep??

3. Spellulator!

Venki suggests a puzzle. You need a calculator to solve this .Do the simple arithmetic on a calculator and look at the answer upside down. Can you read out a word indicated by the words in the bracket ?Ignore the decimals and zeros shown by some calculator.

9,645/3=(small,medium or large) ____?____

142*5=(petroleum) ____?____

1,879*3=(what you walk on) ____?____

50,029-15,023=(barnyard animal) ___?___

206+206+206=(not so tiny)___?___

188,308+188,308=(laugh in a silly way ) ___?___

ANSWERS:1. 10 birds and 20 animals,2. 25*24=600, 3. 3215SIZE,710OIL,5637LEGS,35009 GOOSE,618 BIG,379919GIGGLE

# പ്ലാസ്റ്റിക്ക് കണ്ണുള്ള കുട്ടി



തെച്ചിയെ നോക്കി ചിരിച്ചു, തെച്ചി--
യെന്നെയും നോക്കി ചിരിച്ചു

ചെമ്പരത്തിപ്പൂവ് ചൊല്ലീ മെല്ലെ
കൊച്ചു സൂര്യനൊല്ലേയീഞാനും

ശുദ്ധ,വിശുദ്ധി വിതറീ കൊച്ചു
തുമ്പയിടം മാറി നിന്നു

സംസ്കാര വേദവുമോതി
കൃഷ്ണ തുളസിയിളം കാറ്റിലാടി

കന്മദം തിങ്ങും മനസ്സുമായി
ഒളികണ്ണുകൾ ചിമ്മിത്തുറന്ന്
ഈ വഴി ചായുന്ന പെണ്ണിൻ
ഉള്ളം നിറക്കുന്ന മുല്ല

വേലിക്കൽ നിന്നരിപ്പൂവും, കാക്ക--
പ്പൂവും കിളിക്കൊഞ്ചൽ കേൾപ്പൂ

വണ്ടുകൾ തമ്പുരു മീട്ടി
പൂമ്പാറ്റകൾ നൃത്തം ചവിട്ടി

തൊടിയിലെ സൗഭഗം ചെത്തം
എവിടെയോ പോയ്മറഞ്ഞല്ലോ
ഇന്ന് ഞാൻ കാണും കിനാക്കൾ കൂടി
കാണില്ലയെൻമക്കൾ നാളെ,

നാളെ

പ്ലാസ്റ്റിക്ക് കണ്ണുള്ള കുട്ടി
പ്ലാസ്റ്റിക്ക് പൂ ചൂടും കുട്ടി
പ്ലാസ്റ്റിക്ക് വാക്കും മനസ്സും
ഹൃദയവും പ്ലാസ്റ്റിക്ക് താനല്ലോ.......!!!!

- എസ്. ശിവദാസ്

# ക്വിസ്സ്

1. സ്കൂൾ ലാബിലെ നെറ്റ്‌വർക്കിലുള്ള കമ്പ്യൂട്ടറുകൾക്ക് ഐ. പി. അഡ്രസ്സ് നൽകുന്നത് ഏത് പ്രോട്ടോകോൾ അനുസരിച്ചാണ് ?

ഉ: **TCP/IP**

2. ഒരു നെറ്റ്‌വർക്കിലുള്ള എല്ലാ കമ്പ്യൂട്ടറുകളേയും കേബിളുപയോഗിച്ച് നേരിട്ട് ബന്ധിച്ചിരിക്കുന്ന ഉപകരണം ഏത് ?

ഉ: **മോഡം**

3. വെബ്സൈറ്റുകൾ തയ്യാറാക്കാൻ നമ്മെ സഹായിക്കുന്ന WCM എന്നതിന്റെ പൂർണ്ണരൂപം ഏത് ?

ഉ: **Web Content Management System**

4. ഫിദിൻ ഒരു വെബ്പേജ് നിർമിക്കുകയാണ്. കാസ്കേഡിങ്ങ് സെറ്റൈൻ ഉപയോഗിച്ച് വെബ്പേജിന് പശ്ചാത്തല നിറം നൽകുവാൻ ഉപയോഗിക്കാവുന്ന നിർദ്ദേശം ഏത് ?

ഉ: **body( background:#C8DDD2;)**

5. നെറ്റ്‌വർക്കിങ്ങുമായി ബന്ധപ്പെട്ട് ഹബ്ബിന് പകരമായി ഉപയോഗിക്കാവുന്ന ഉപകരണം ഏതാണ് ?

ഉ: **Switch**

6. നെറ്റ്‌വർക്കിലുൾപ്പെട്ടിരിക്കുന്ന ഉപകരണങ്ങളുടെ നാമകരണത്തിലും മറ്റും പാലിക്കേണ്ട പൊതുനിയമങ്ങൾ ഏതു പേരിലറിയപ്പെടുന്നു ?

ഉ: **Network protocol**

7. മോഡത്തിൽ നിന്ന് ടെലിഫോൺ ശൃംഖലയിലേക്ക് പോകുന്ന ഡാറ്റ ഏത് തരമായിരിക്കും ?

ഉ:ഡിജിറ്റൽ

8. ഏതാണ് Synifig Studio ഉപയോഗിച്ച് തയ്യാറാക്കിയ പ്രൊജക്ട് ഫയൽ ?

ഉ: **ശീർഷകങ്ങളുടേയും ഉപശീർഷകങ്ങളുടേയും സ്റ്റൈൽ**

9. Gnu പ്രൊജക്ട് (1983ൽ) സ്ഥാപിച്ചത് ആരാണ് ?

ഉ: **റിച്ചാർഡ് മാത്യൂ സ്റ്റാൾമാൻ**

10. പൈത്തൺ പ്രോഗ്രാമിങ്ങ് ഭാഷയിൽ ജ്യാമിതീയ രൂപങ്ങൾ തയ്യാറാക്കാൻ സഹായിക്കുന്ന അനുബന്ധ സോഫ്റ്റ് വെയർ ഏത് ?

ഉ: **turtle**

11. കമ്പ്യൂട്ടറിൽ വിവരങ്ങൾ പ്രോസസ് ചെയ്യുന്നതും സൂക്ഷിക്കുന്നതും ഏത് രൂപത്തിലാണ് ?

ഉ: **ഡിജിറ്റൽ**

12. വയർലെസ്സ് നെറ്റ് വർക്കുകളിൽ ഏത് തരം തരംഗങ്ങളാണ് പ്രയോജനപ്പെടുത്തുന്നത് ?

ഉ: **റേഡിയോ തരംഗങ്ങൾ**

13. പേരും വിലാസവും ഉള്ള ഒരു സ്പ്രെഡ്ഷീറ്റ് പട്ടികയിലെ വിവരങ്ങൾ ഒന്നൊന്നായി വേഡ് പ്രൊസസറിൽ തയ്യാറാക്കിയ കത്തിലേക്ക് ഉൾപ്പെടുത്താൻ പ്രയോജനപ്പെടുത്തുന്ന സങ്കേതം ഏതാണ് ?

ഉ: **Mail Merge**

14. Synifig Studio ടൂൾ ബോക്സിലുള്ള രണ്ട് ടൂളുകൾ ഏതാണ് ?

ഉ: **Fill Tool, Transform Tool**

# വിഷുപ്പുലരി

മുറ്റത്ത് പൂത്തു കണിക്കൊന്ന, പൊന്നാകെ
മുറ്റം നിറഞ്ഞു കവിഞ്ഞല്ലോ.
മാവിൽ നിന്നിറഞ്ഞാലോലമാടീട്ട്
മാങ്കുല കിന്നാരം ചൊല്ലുന്നു.
പ്ലാവുകൾ മേലാകെ ഭാരക്കനികളും
പേറിനിന്നല്ലോ ചിരിക്കുന്നു.
പാടം നിറയെ കണിവെള്ളരിക്കകൾ.
കായ്കനിപ്പച്ചയും മേളാങ്കം.
നാട്ടും നഗരവും വീടും കുട്ടികളും
തോടും തൊടികളുമാർക്കുന്നു.
ഭാവിവർഷത്തിന്റെ ഭവ്യമാം സ്വപ്നങ്ങൾ
തലത്തിൽ വന്നു നിരക്കുന്നു.
പൂക്കണി വെച്ചിട്ട് പൂത്തിരി കത്തിച്ച്
പുത്തൻ പുലരി ചിരിക്കുന്നു.
വിത്തും കൈക്കോട്ടുമെടുക്കാം, പുതുവർഷ-
മെത്തിയെന്നല്ലോ വിഷുപ്പക്ഷി.
കൂട്ടുകാരെ, നമുക്കൊന്നായുണർവേൽക്കാം
വീട്ടുമുറ്റത്ത് വിഷുവെത്തി!
നല്ലനാളേയ്ക്കുള്ള വിത്ത് വിതച്ചിടാ-
മുല്ലാസപ്പൊൻകതിരൊന്നാകെ
നാടെങ്ങുമെത്തി വിരിയിക്കാമെങ്ങെങ്ങും
മാനുഷർക്കാകെ വിഷുവൊരുക്കാം.
മണ്ണും മനുഷ്യനുമൊന്നായുണരുന്ന ധന്യതയല്ലോ
വിഷുവെന്നും.

- അമൃത. കെ
8.E

# റോസാപ്പൂ

പതിവുപോലെ അന്നും അവളെത്തി. കൈ നിറയെ റോസാപ്പൂക്കളുമായി. എട്ട് ചുവന്നുതുടുത്ത പൂക്കൾ. അവ ആ കല്ലറയിൽ വെച്ച് അവൾ വിളിച്ചു. " മോളേ......" ചുമലിലൊരു കൈത്തലം വീണതറിഞ്ഞ് ഞെട്ടിത്തിരിഞ്ഞുനോക്കുമ്പോൾ പുറകിൽ അയാളുണ്ടായിരുന്നു. " എട്ടു വയസ്സ്. അല്ലേ?" വിതുമ്പിക്കൊണ്ടവൾ ചോദിച്ചു. എല്ലാവർഷത്തെയും പോലെ ആ വർഷവും ആനിന് പിറന്നാൾ സമ്മാനം കിട്ടി. കഴിഞ്ഞ രണ്ടു വർഷമായി അവളെത്തേടി ആ പൂക്കൾ വരും. അവളുടെ സ്വന്തം റോസാപ്പൂക്കൾ.

ആൻ, ആറുവയസ്സുള്ള മിടുക്കി. അച്ഛനുമമ്മയും വിദേശത്താണ്. അവർക്ക് ജോലിക്കാര്യം കഴിഞ്ഞ് വേറൊന്നിനും നേരമില്ലാത്തതിനാൽ അവളുടെ താമസം നാട്ടിലെ വലിയമ്മച്ചിയുടെ കൂടെയാണ്. ഒന്നാം ക്ലാസിലാണെങ്കിലും ഒരു വിധം ലോക കാര്യങ്ങളൊക്കെ അവൾക്കറിയാം വാതോരാതെ സംസാരിക്കുന്ന അവൾ അദ്ധ്യാപകർക്കും പ്രിയപ്പെട്ടവളാണ്. അവളില്ലെങ്കിൽ ക്ലാസിൽ ഒരു രസവും ഇല്ലെന്ന് അവളുടെ ടീച്ചർമാർ തന്നെ പറയാറുണ്ട്.

അങ്ങനെയിരിക്കെ അവളൊരു കാര്യമറിഞ്ഞു. വിദേശത്തുള്ള അവളുടെ അച്ഛനും അമ്മയും ക്രിസ്മസിന് നാട്ടിലേക്കു വരുന്നു. അവൾക്ക് അവരെയാരെയും കണ്ട ഓർമ്മ പോലുമില്ല. അവൾക്കുവെറും മൂന്നര വയസ്സു പ്രായമുള്ളപ്പോൾ ഗൾഫിലേക്കു പോയതാണ് രണ്ടാളും. വിവരമറിഞ്ഞ് ആൻ സന്തോഷം കൊണ്ടു തുള്ളിച്ചാടി. അച്ഛനുമമ്മയും വന്നാൽ അവളെയും കൂടെ കൊണ്ടുപോകാൻ പറയാമെന്ന് വലിയമ്മച്ചിയും അവൾക്കു വാക്കുനൽകി.

ക്രിസ്മസിനു രണ്ടാഴ്ച്ച മുൻപ് ഒരു ഞായാറാഴ്ച വരുമെന്നായിരുന്നു അവൻ അറിയിച്ചിരുന്നത്. അന്നേ ദിവസം പള്ളിയിൽ പോകണമെന്ന് അവൾ വലിയമ്മച്ചിയോടും പറഞ്ഞു. അച്ഛനും അമ്മയും വന്നിട്ട് ഒന്നിച്ചുപോകാമെന്ന് വലിയമ്മച്ചി പറഞ്ഞെങ്കിലും അവളതു ചെവിക്കൊണ്ടില്ല. വാശിപിടിച്ചു. പ്രാർത്ഥന കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ റോഡിനപ്പുറത്ത് അവരെക്കാത്ത് ആനിന്റെ അച്ഛനുമമ്മയും ഉണ്ടായിരുന്നു. അവരെക്കണ്ട സന്തോഷത്തിൽ ആൻ റോഡിലേക്കിറങ്ങിയതും കാലനെപ്പോലെ ആ ടിപ്പർലോറി പാഞ്ഞുവന്നതും ഒരുമിച്ചായിരുന്നു. ഒരു നിമിഷം! വെള്ളനിറത്തിലുള്ള ആ കുഞ്ഞുടുപ്പ് ചുവന്നു. റോഡുമുഴുവൻ ചോരയിൽ കുതിർന്നു. ആ പിഞ്ചുശരീരം ഒന്നു പിടഞ്ഞു. പിന്നെ നിശ്ചലമായി.

പൊട്ടിക്കരച്ചിലുകളുടെ തോരാമഴ അവിടെ പെയ്തിറങ്ങി. ആശുപത്രിയിൽ വീണ്ടും കീറിമുറിയ്ക്കാൻ വിധിയ്ക്കപ്പെട്ട ആ പിഞ്ചു ശരീരം ആ വീടിന്റെ ഗേറ്റു കടന്നുചെന്നപ്പോഴേയ്ക്കും നിരവധിയാളുകൾ അവിടെ തടിച്ചുകൂടിയിരുന്നു. ആ തിരക്കിനിടയിലൂടെയും രണ്ടു കുഞ്ഞിക്കണ്ണുകൾ അവളെ കാണുന്നുണ്ടായിരുന്നു. അവൾ നട്ടുപിടിപ്പിച്ച കൊച്ചു റോസാച്ചെടിയിലെ ആദ്യത്തെ കൊച്ചു പൂമൊട്ട്

# വലയിൽ അകപ്പെട്ട കാക്ക

ഒരു വേട്ടക്കാരൻ പക്ഷികളെ പിടിക്കാൻ വലകൊണ്ട് ഒരു കെണിയൊരുക്കി. എന്നിട്ട് അയാൾ അല്പം ദൂരെ മാറി നോക്കിനിന്നു.

അത്യധികം കൗശലമുള്ള പക്ഷിയാണല്ലോ കാക്ക? അതിനാൽ കാക്ക സാധാരണ കെണിയിൽ പെടാറില്ല. പക്ഷെ, ഇത്തവണ വലയിൽ കുടുങ്ങിയത് ഒരു കാക്കയാണ്. പക്ഷിവേട്ടക്കാരൻ വന്നു വലയിലകപ്പെട്ട കാക്കയെ അവൻ പിടിച്ചു അപ്പോൾ കാക്ക സംസാരിക്കാൻ തുടങ്ങി. വേട്ടക്കാരൻ അത്ഭുതത്തോടെ നോക്കിനിന്നു. കാക്ക പറഞ്ഞു: വേട്ടക്കാരാ ദയവായി എന്നെ വിടൂ. എന്നെ വിട്ടാൽ എനിക്കു പകരം അനേകം പക്ഷികളെ ഞാൻ വീഴ്ത്തി അങ്ങേക്ക് കാഴ്ച്ച വെക്കാം.

കാക്കയുടെ ഈ വാക്കുകൾ കേട്ട വേട്ടക്കാരൻ പറഞ്ഞു : നീ നിന്നെ വിട്ടയയ്ക്കണമെന്ന് പറയുന്നത് ന്യായമാണ്. പക്ഷെ നിന്നെ വിട്ടയക്കുന്നതിനു പകരം മറ്റനേകം പക്ഷികളെ നീ കെണിയിൽപ്പെടുത്തി തരാമെന്നു പറഞ്ഞത്. എത്രത്തോളം നീതിയുള്ള കാര്യമാണ്? ഇങ്ങനെ പറഞ്ഞതുകൊണ്ടു തന്നെ നീ ചതിയാണെന്ന കാര്യം എനിക്കു വ്യക്തമായി കഴിഞ്ഞു. അതിനാൽ ഞാൻ നിന്നെ ഒരു കാരണവശാലും വിട്ടയക്കാൻ തയ്യാറല്ല. കാക്ക തന്റെ ദുർബുദ്ധിയോർത്ത് സ്വയം ദുഃഖിച്ചു. വേട്ടക്കാരൻ ചരടെടുത്ത് കാക്കയുടെ കാലിൽ വീട്ടിലേക്ക് കൊണ്ടുപോയി.

- ധീരജ് കുമാർ -

# A GENTILE SIGH

Now time is running to 7 'O' clock, day time before. He had never reached his house at this time before. He enter's his house from the backdoor and ran fast to his room, nobody saw him. He took a bath and took all his books and put them on his table then went to the kitchen. Grandmother asked "where were you Hein" He said "I was here didn't you see me" Grandmother said "I think you were playing all this time" But he luckily escaped,if his grandmother had caught him coming late then he was not allowed to play the next day onwards. His brother was watching T.V .

He is studying in 8th he don't have to worry about anything but Hein is SSLC student he have to study all the time. He is an excellent student in the class but his parent's are always behind him with the word "study" "study" "study" At 8:30 his parents came from their job and they were sitting under the fan .Heins brother Lein came fast and took his mothers phone and went to his room,Hein is restricted to us smart phone but he doesn't like to use mobile phones. If he gets phone sometime he will use it to hear some English songs of his favourite singer Justin Bieber. Tomorrow is Sunday so he slept peacefully. They both wake up early at school days but in holidays they wakes up late and goes to their backyard. In the backyard there was two cages one contains Heins a pair of hares and other contains two pigeons of Lien. Both of the brothers like their pet very much. They like every kind of animals and birds. After feeding them Hein and Lien tooktheir football from the backyard and started playing. Their mother woke up and started to clean the front yard. Hein shoot the ball to Lien but unfortunately it hit on his mother slightly, she went to Hein and shouted Hen you are an SSLC student dont you have shame to play with your brother. After hearing all he went to the kitchen sadly murmuring about something perhaps his mother. He brushed his teeth fast and asked his grandmother for breakfast, she gave him a cup of black tea and said "The breakfast is being prepared,wait" He went to his room on the way he took a bottle of cold water from the fridge. In his room his father was sitting in the chair. He shouted to his father in a quiet voice "Where did

you get my mother from didn't you had another choice" His father replied with a smile "What can we do son, if I knew her character I would never have married her" Hein smiled. Hein would share all his emotions to his father, he loves his father very much.

After two months Hein went on a study trip from his school to a place far away from his house it was a trip of 5 days on the first day evening they reached their targeted place and they had to visit many more places. On the second day the sun was very dim it was a heavy raining day, it rained and rained and rained and it was slowly covering the whole place with water, suddenly the water level was increasing fast it was because of the big crack in the nearby Dam,the whole village was affected a lot and the crew and the villagers went to the relief center at the nearby hill and there was no electricity, no pure water and there was no proper food all thestudents got scared students who were very strong physically began to cry louder. They got food and water on afternoon by the helicopter , it was raining heavily all that day. Hein was thinking about his house,his friends,his rude mother and his loveing father and caring brother and lovely grandmother. At that time he thought about his childhood and all the time he was happy but now what happened. Yes of course I am 15 but why he asked for himself. The rain had the saltness of his tears and emotions.
Slowly the rain started to slowdown and and the flood water was retreating from the village, Hein was going to his house. He reached

his house on the 14th day. His mother ran to him and embraced Hein and cried. All his thinking about his mother was doomed in a sigh and he started to cry. He thought about himself what did I thought of my mother, she loved me very much even now all she done was to make me a good man in the future tears ran off his face and all of his family came to his house to see him, all the family members were happy to see him. His mother told him that he was intelligent and she didn't have push him to stud
He ran to his backyard and he saw that the rabbit gave birth to two baby rabbits and he saw the mother rabbit had cut her fur and made a bed for the baby rabbit. Hein opened the cage and took the mother rabbit out of the cage and placed her on his lap and slightly put his palms on its body, A gentle wind blew through that way and it was filled with Heins sigh.

-ANANDU

# അക്ഷര ചെപ്പ്



അ അ അ അ എന്തു മഴ
ആകാശത്ത് നല്ല മഴ
മഴ കാണുമ്പോൾ എന്തു രസം
അ അ അ അ എന്തു മഴ
ചറപറ ചറപറ പെയ്യട്ടെ
ചടുകുടു ചടുകുടു പെയ്യട്ടെ
അക്ഷരമായി പെയ്യട്ടെ.
മഴ മഴ മഴ മഴ പെയ്യട്ടെ
കള കള കള കളമൊഴുകട്ടെ
മഴമഴമഴമഴ പെയ്യട്ടെ
ചറപറ ചറപറ പെയ്യട്ടെ
മഴ കാണുമ്പോൾ എന്തുരസം

*By :സാനിയ മോൾ .എസ്.വി*



# യാത്ര



പറയാൻ മറന്നുവോ പറയാൻ മറന്നുവോ
നീളുമീ യാത്രതൻ സ്നേഹബന്ധങ്ങൾ
തകരാത്ത സ്നേഹബന്ധങ്ങൾ........
വസന്തകാലം വന്നെത്തി നോക്കുന്നു
യാത്രതൻ പൂമുഖ വാതിൽക്കൽ
നീറുന്ന വേനൽ കടന്നു പോകുന്നു യാത്രയിലൂടെ
കാറ്റിന്റെ മർമ്മരം വഴുതിയിടരും
പോൽ തെന്നി മറയുന്നു
വെയിലിന്റെ കാഠിന്യം ഏൽക്കാതിരിക്കാൻ
കൊച്ചു മരങ്ങൾ അരികിലെത്തുന്നു
സ്നേഹബന്ധങ്ങൾ എന്റെ യാത്രയിൽ
നിറഞ്ഞു നിൽക്കുന്നു.

-വർണ .എസ്-

# അമ്മ

രാവിലെ വന്നന്നെ വിളിച്ചുണർത്തി.
നല്ല വാക്കുകൾ പറഞ്ഞീടും
നിലാവിൻ നക്ഷത്ര ചിരിയോടെ
എന്നും നിൻമുഖം മാത്രമമ്മേ...
നീയെന്റെ മനസിൽ എന്നും
മായാജാലം പോലെ മാത്രം
അമ്മേ നിയെന്നെ അനുഗ്രഹിക്കില്ലേ.
അമ്മേ നിനക്കേറെ ആശംസകൾ
ദൈവമാം അമ്മേ...
നിനെക്കെന്റെ പ്രണാമം

-ഷിബിന. എം. പി-
9 D

# പാവങ്ങൾക്കുമുണ്ടൊരു ഒരു ജീവിതം

കേരളത്തിൽ ഒരുപാട് ജീവനുകൾ പിടയുന്നുണ്ട് അതിൽനിന്ന് ശ്രമിച്ചാൽ മാത്രം രക്ഷനേടാം നമ്മുടെ ലോകത്തിൽ എല്ലാവരും ഒരുപോലെ ആയിരിക്കണമെന്നില്ല പാവങ്ങളുമുണ്ട് വലിയവരും ഉണ്ട് എന്നാൽ എത്ര വലുതായാലും എല്ലാവരും മനുഷ്യർ തന്നെയാണ് ശ്രമം വിജയകരമാക്കാൻ ശ്രമിച്ചാൽ മാത്രമേ നേടിയെടുക്കാൻ കഴിയുകയുള്ളൂ എന്ന ഒരു ഗുണപാഠം മനസ്സിലിരിക്കട്ടെ ഇങ്ങനെയുള്ള ഒരു ഗുണപാഠവും ആയി ഇതാ ഒരു കഥ

ചെറിയ ഒരു ഗ്രാമത്തിൽ പട്ടിണി എന്നും അനുഭവപ്പെടുന്ന ഒരു ചെറിയ കുടിലിൽ താമസിക്കുന്ന രണ്ടു പൈതങ്ങൾ ഒരു സഹോദരിയും ഒരു സഹോദരനും മറ്റുള്ളവർ ഭക്ഷിക്കുന്നത് നോക്കി നിൽക്കാൻ മാത്രം വിധിയുള്ള ആ പൈതങ്ങൾ. അച്ഛനും അമ്മയും മരിച്ചു പോയി. അതിനുശേഷം അനുജൻ എല്ലാ കാര്യങ്ങളുംനോക്കിയിരുന്നത് തന്റെചേച്ചിയായിരുന്നു. ചേച്ചി സ്കൂളിൽ പോകാതെ വലിയ ആളുകളുടെ വീട്ടിൽ വേലയ്ക്ക് പോയാണ് ജീവിച്ചിരുന്നത്. കണ്ടവരുടെ വീട്ടിലെ പാത്രങ്ങൾ കഴുകിയും തുണികൾ തിരുമ്പിയും നന്നായി പണിയെടുക്കും അങ്ങനെ ജോലിചെയ്ത് കിട്ടുന്ന ചെറിയ തുക കൊണ്ട് അനുജനെ വളർത്തും അവിടുന്ന് കിട്ടുന്ന ബാക്കി ഭക്ഷണമെടുത്ത് അനുജന് കൊടുക്കും അനുജൻ വിചാരിക്കുന്നത് ചേച്ചിയും ഭക്ഷണം കഴിക്കുന്നുണ്ടെന്നാണ് പക്ഷേ ചേച്ചി ഭക്ഷണം കഴിക്കുന്നില്ല കരയാൻ മാത്രം ജീവിക്കുന്ന ഒരു ചേച്ചിയായി ആ സഹോദരിയെ കാണാം തന്നെ കൂട്ടുകാരികൾ താൻ വീട്ടിൽ പണിയെടുക്കുന്നത് കണ്ടു തന്നെ പരിഹസിക്കും അത് കേട്ട് ചേച്ചി കരയുക മാത്രമേ ചെയ്യൂ മറ്റൊന്നും തിരിച്ചു പറയില്ല അതുകൊണ്ട് അവർ എപ്പോഴും തന്നെ പരിഹസിച്ചു കൊണ്ടിരിക്കും ചേച്ചി തിരികെ ഒന്നും പറയാത്തത് എന്താണെന്നുവെച്ചാൽ പേടിച്ചിട്ടാണ് തൻറെ അനുഭവങ്ങളൊന്നും കെച്ചി ആരോടും പറയില്ല അതുകാരണം ആർക്കുമറിയില്ല എന്നാൽ അത് അറിയുന്ന ഒരാളായിരുന്നു തന്നെ ഒരു അയൽവാസി അയാൾ തന്നെ അനുജനെ വിളിച്ചന്വേഷിച്ചു പക്ഷേ അനുജൻ ചോദ്യത്തിന് മറുപടിയായി അറിയില്ലെന്നു മാത്രമേ പറഞ്ഞുള്ളൂ അപ്പോഴാണ് അദ്ദേഹത്തിന് മനസ്സിലായത് അനുജന് ഒന്നും അറിയില്ലെന്ന് അദ്ദേഹത്തിന് പേര് നാരായണൻ എന്നായിരുന്നു പിന്നെ അദ്ദേഹം ചേച്ചിയോട് കാര്യങ്ങളൊക്കെ അന്വേഷിച്ചു അറിയാതെ ചേച്ചി എല്ലാം പറഞ്ഞു നാരായണന് എല്ലാം മനസ്സിലായി ചേച്ചിയെ വലിയ വളാക്കണം എന്ന് ഒരു ആഗ്രഹം തന്റെ മനസ്സിൽ പതിഞ്ഞു അദ്ദേഹം അത് സാധിക്കും എന്ന ഉറച്ച തീരുമാനമെടുത്തു അദ്ദേഹം ആ സഹോദരിയോട് കാര്യങ്ങളൊക്കെ പറഞ്ഞു

ആ സഹോദരി ആദ്യം സമ്മതിച്ചില്ല, പിന്നെ സമ്മതിച്ചു. ചേച്ചിയെ സ്കൂളിൽ പഠിക്കാൻ വിട്ടു. തൻറെ അനുജൻ പഠിക്കുന്ന സ്കൂളിൽ ചേച്ചി നേടണം എന്ന ഉറച്ച തീരുമാനം എടുത്തിട്ടാണ് സ്കൂളിൽ പോയത്. നന്നായി പഠിക്കണം എന്ന ഒരുവാക്ക് നാരായണൻ ചേച്ചിയോട് പറഞ്ഞിരുന്നു. ചേച്ചി ചെയ്തു. നന്നായി പഠിച്ചു അനുജനെയും നന്നായി പഠിപ്പിച്ചു. ഭക്ഷണവും വസ്ത്രങ്ങളും ഒക്കെ നാരായണൻ കൊടുത്തു. തനിക്ക് ഒരുപാട് പ്രശ്നങ്ങളുണ്ടായിരുന്നു, അതൊക്കെ തീർക്കാൻ വേണ്ടിയാണ് ചേച്ചി സ്കൂളിൽ പോയത്. ഓരോന്നും ഓരോന്നായി പഠിച്ചു പഠിച്ചു നല്ല മാർക്ക് വാങ്ങി എല്ലാ പഠന പ്രവർത്തനത്തിലും ചേർന്നു അങ്ങനെ ആ ചേച്ചി സ്കൂളിൽ ഒരു താരമായി തീർന്നു. അനുജനും അതൊരു അഭിമാനമായി. ദിവസം നാരായണൻ സ്കൂളിൽ വന്നു ചേച്ചിയുടെയും അനുജനെയും കാര്യം ഹെഡ്മാസ്റ്ററോട് പറഞ്ഞു. അവരെല്ലാവരും കൂടി പണം സമ്പാദിച്ചു ഉണ്ടാക്കികൊടുത്തു. ഭക്ഷണം കഴിക്കാൻ ഉള്ള സൗകര്യങ്ങൾ ഉണ്ടാക്കികൊടുത്തു. എല്ലാ സുഖസൗകര്യങ്ങളും കൊടുത്തു. നാരായണനും ചേച്ചിയും കാരണമാണ് ഇതൊക്കെ ഉണ്ടായത്. ചേച്ചിയുടെ കഠിന ശ്രമമാണ് ഇതിനു പ്രധാനകാര.ണം അനുജനു വേണ്ടി ചേച്ചി ഇത്രയും വലിയ ത്യാഗം ചെയ്തു പഠിക്കണമെന്നുള്ള ഒരു വിചാരം ഉണ്ടായാലും അതിനുവേണ്ടി കഠിനമായ ശ്രമം ചെയ്താലും നേടിയെടുക്കാൻ കഴിയും എന്നത് ചെറിയ പ്രസംഗമായി ചെറു വാക്കുകളിലൂടെ ചേച്ചി പറഞ്ഞു. ചേച്ചിയുടെ വലിയ വലിയ പ്രശ്നങ്ങളെല്ലാം അവസാനിച്ചു"

# ബഷീറിന്റെ കുട



വൈക്കം മുഹമ്മദ് ബഷീർ ഒരു ഹോട്ടലിൽ ഭക്ഷണം കഴിക്കാൻ കയറി, തന്റെ കൈയിലുണ്ടായിരുന്ന കാലി കുട ഹോട്ടലിന്റെ മൂറിയിൽ ചാരിവെച്ച് അദ്ദേഹം കസേരയിൽ ഇരുന്നു ഭക്ഷണം ഓർഡർ ചെയ്തു.

ഭക്ഷണത്തിന് കാത്തിരിക്കുമ്പോൾ ഒരാൾ തന്റെ കുടയുമെടുത്തു തിടുക്കത്തിൽ പുറത്തേക്ക് നടന്നു പോകുന്നത് ബഷീർ കണ്ടു.ബഷീർ അയാളെ പിന്തുടർന്നു.എന്നിട്ട്പുറത്ത്തോണ്ടി വിളിച്ചു. "താങ്കളാണോ വൈക്കം മുഹമ്മദ് ബഷീർ?" " അല്ല" " എങ്കിൽ ആ കുട അവിടെവച്ചിട്ട് പൊയ്ക്കോളൂ. ആ കുട വൈക്കം മുഹമ്മദ് ബഷീറിന്റേതാണ്."

# അപ്പുവും മുത്തശ്ശിയും

ഗ്രാമീണത തുളുമ്പിനിൽക്കുന്ന ഒരു ഗ്രാമമായിരുന്നു പുഞ്ചപ്പാടം. ആ പാടത്തിന്റെ വടക്കെ അറ്റത്ത് കാണുന്നതാണ് അപ്പുവിന്റെ വീട്. ആ കൊച്ചു വീട്ടിൽ അപ്പുവും അവന്റെ മുത്തശ്ശിയും ആയിരുന്നു താമസം. അപ്പു പഠിക്കാൻ വളരെ മിടുക്കനായിരുന്നു. അവന്റെ മുത്തശ്ശി കൂലിവേല ചെയ്താായിരുന്നു അവനെ പഠിപ്പിച്ചത്. വൈകാതെ മുത്തശ്ശി രോഗത്തിന് അടിമപ്പെട്ടു.എന്നാൽ അപ്പുവിനെ അതൊന്നും അറിയിച്ചില്ല. ഒരു ദിവസം രാവിലെ അപ്പു സ്കൂളിൽ പോകാൻ പുറപ്പെടുകയായിരുന്നു. അപ്പോഴാണ് അടുക്കളയിൽ നിന്നൊരു ശബ്ദംകേട്ടത്. അപ്പു ഓടിച്ചെന്ന് നോക്കിയപ്പോൾ കണ്ടത് വളരെ ക്ഷീണിതയായി കിടക്കുന്ന അവന്റെ മുത്തശ്ശിയെയാണ്. അടുത്ത നിമിഷം തന്നെ അവൻ വീടിനടുത്തുള്ള വൈദ്യനെ കൂട്ടിക്കൊണ്ടു വന്നു.വൈദ്യൻ മുത്തശ്ശിയെ പരിശോധിച്ചശേഷം വളരെ വിഷമത്തോടെ അപ്പുവിനോട് പറഞ്ഞു"മുത്തശ്ശി പൂർണമായും മാറാ രോഗത്തിന് കീഴ്പ്പെട്ടു. മരുന്നുകൊണ്ട് മുത്തശ്ശിയെ രക്ഷിക്കാൻ കഴിയുകയില്ല." അടുത്ത ദിവസം മുതൽ അപ്പു കൂട്ടുകാരോടോപ്പം സ്കൂളിൽ പോയില്ല.അവൻ അവന്റെ പഠനം അവസാനിപ്പിച്ച് എന്തെങ്കിലും പണി അന്വേഷിച്ചു തുടങ്ങി. എല്ലാവരുടേയും മുന്നിൽ ചെന്ന് ജോലി അന്വേഷിച്ചെങ്കിലും ആരും അവന് ജോലി കൊടുക്കാൻ തയ്യാറായില്ല. വളരെ വിഷമത്തോടെ അവൻ മുത്തശ്ശിയോട് കാര്യങ്ങൾ പറഞ്ഞു. സംസാരിക്കാൻ പോലും കഴിയാത്ത മുത്തശ്ശിയുടെ പ്രതികരണം വെറും കണ്ണുനീർ മാത്രമായിരുന്നു. എന്നാലും അപ്പു എന്നും മുടങ്ങാതെ പണി അന്വേഷിക്കുമായിരുന്നു. ഒരു ദിവസം അപ്പുവിന്റെ വിഷമം കണ്ട് ഏതോ ധനികൻ അവന് ജോലി കൊടുക്കാമെന്ന് പറഞ്ഞു. ആ സന്തോഷവാർത്ത പറയാനായി മുത്തശ്ശിയുടെ അടുത്തേക്ക് വന്നപ്പോൾ അവൻ കണ്ടത് അവന്റെ മുത്തശ്ശിയുടെ തണുത്തുറഞ്ഞ ശരീരമാണ്.അവൻ "മുത്തശ്ശീ...മുത്തശ്ശീ" എന്ന് വിളിച്ചെങ്കിലും മുത്തശ്ശി ഉണർന്നില്ല.കാരണം ഈ ലോകത്തവനെ ഒറ്റയ്ക്കാക്കി അവന്റെ മുത്തസ്സി വിടപറഞ്ഞിരുന്നു. ആ നാളു മുതൽ അപ്പു അനാഥനായി തീർന്നു. അനാഥത്വം പഠിപ്പിച്ച പാഠങ്ങൾ കൊണ്ട് അവന്റെ മുത്തശ്ശിയുടെ സ്മരണകളിൽ ആ പുഞ്ചപ്പാടത്ത് ഒരു നല്ല കർഷകനായി അവൻ ജീവിതം മുന്നോട്ട് നയിച്ചു.

കീർത്തന.വി

# മലയാളം

അമ്മ യെന്ന രണ്ടക്ഷരത്തിൽ
തെളിയുന്ന ഭാഷയാണെൻ
മലയാളം.
കളിചിരിയാടുന്ന മഴമുത്തു
പോലെയെൻ മലയാളം
പുഞ്ചിരിതൂകുന്ന മലർപോലെയെൻ
മലയാളം.
തഴുകുന്ന കാറ്റിൽ,തെളിയുന്ന ആറ്റിൽ
നിറയുന്ന കുളിർമയെൻ മലയാളം.
ജീവിതത്തിരകളിൽ ആടുന്ന
നന്മൊഴി നറുമൊഴി മലയാളം.
എന്റെ മലയാളം...........
എൻ ജീവനാം മലയാളം.

-അതുൽ.കെ-

# ബാല്യകാലം

ഓർക്കുന്നു ഞാനെന്റെ
ബാല്യകാലം
ഓർമ്മിക്കുവാനുള്ള
നല്ലകാലം
മുറ്റത്തെ ചക്കരമാവിലെ
മാങ്ങകൾ
കൂട്ടരോടൊത്തു നുണഞ്ഞ
നേരം
കഥകൾ പറഞ്ഞു ചിരിച്ച
കാലം
ഊഞ്ഞാലു കെട്ടി കളിച്ച
കാലം
ഓർക്കുന്നു ഞാനെന്റെ
ബാല്യകാലം
വീണ്ടുമെത്തൊത്തൊരാ നല്ലകാലം..

# ചിരിക്കുടുക്ക

എപ്പോഴും ചിരിച്ചുകൊണ്ടേ ഇരിക്കുന്ന ഒരു സഹപാഠി സ്കൂളിൽ എനിക്കുണ്ടായിരുന്നു. ക്ലാസ്സിൽ ചില ഓർക്കാപ്പുറത്താണ് പൊട്ടിച്ചിരിക്കുക. ഇയാൾ തങ്ങളെ പരിഹസിച്ചാണ് ചിരിക്കുന്നതെന്ന് ചിലർക്കുതോന്നി. ഭീഷണിപ്പെടുത്തിയിട്ടും പിച്ചിയിട്ടും നുള്ളിയിട്ടും ഒന്നും ചിരിക്കു ഒരു കുറവുണ്ടായിരുന്നില്ല. അവസാനം അവർ സാറിനോട് ചെന്ന് ആക്ഷേപം പറഞ്ഞു. സാർ ആ ചിരിക്കാരൻ ചങ്ങാതിയെ തന്റെ മേശയ്ക്കരികെ വിളിച്ചു നിർത്തി ചോദിച്ചു. " നീ എപ്പോഴുമിങ്ങനെ ചിരിക്കാൻ എന്താ കാര്യം?" അവൻ ചിരിച്ചു കൊണ്ടു തന്നെ പറഞ്ഞു. " വെറുതെ സാർ." " ആരെയെങ്കിലും പരിഹസിച്ചാണോ നീചിരിക്കുന്നത്?" "അതെ, സാർ". പിന്നെ ചൂരലുമായിട്ടാണ് സാർ ചോദിച്ചത്." ആരെ, ഇവരെയോ?" " അല്ല സാർ, ഞാൻ കളിയാക്കുന്നത് എന്നെത്തന്നെയാണ് സർ. എന്റെ



ഓരോ മണ്ടത്തരവും ഓർക്കുമ്പോൾ എനിക്കു ചിരിക്കാതെ വയ്യ സർ." "എന്തു മണ്ടത്തരം?". അവൻ പെട്ടെന്നു ചിരിച്ചു. "ഇതാ സർ, എപ്പോഴുമിങ്ങനെ ചിരിക്കുന്നതു തന്നെ ഒരു മണ്ടത്തരം." അതുകേട്ട് സാർ ചിരിച്ചു, ക്ലാസിൽ എല്ലാവരും ചിരിച്ചു. ചിരിയോടു ചിരിയായി. സാർ അവന് ചിരിക്കുടുക്ക എന്നു പേരിട്ടു

**-അനുശ്രീ. ടി. എം-**
9 A

# ഗള്ളിവറുടെ യാത്രകൾ

-ജൊനാഥൻ സ്വിഫ്റ്റ്-

കപ്പൽ യാത്രയ്ക്കിടയിൽ കപ്പൽ തകർന്ന് അന്യദേശത്ത് എത്തിപ്പെടുന്ന ഗള്ളിവറിന്റെ കഥയാണിത്. ഈ കഥ ജീവിതസായഹ്നത്തിലെത്തിയ ഗള്ളിവറിന്റെ ആത്മാവിലാപം കൂടിയാണ്. ആറിഞ്ച് മാത്രം വലുപ്പമുള്ള മനുഷ്യരുടെ നാട്ടിലാണ് ആദ്യം അവൻ എത്തിപ്പെടുന്നത് .ഇവരുടെ നാട്ടിൽ ചെന്നെത്തിയപ്പോൾ അമാനുഷികയും തന്നെക്കാൾ വലുപ്പമുള്ളവരുടെ നാട്ടിൽ എത്തിയപ്പോൾ നിസ്സാരനുമായി മാറുകയാണ് ഗള്ളിവർ. ഈ കഥ കുട്ടികൾക്ക് നല്ലൊരുകാല്പനികയും മുതിർന്നവർക്ക് മികച്ച ജീവിതഹാസ്യനകരണ ക്ലാസിക്കായും ഇന്നും ജ്ഞാനങ്ങൾക്കിടയിൽ നിലനിൽക്കുന്നു.

# ഭൂമിക്കൊരു ചരമഗീതം

- ഒ. എൻ. വി-

പ്രശസ്ത കവി. ശ്രീ ഒ. എൻ. വി കുറിപ്പിന്റെ ഏതാനും വരികളാണ് ഇതിൽ കൊടുത്തിരിക്കുന്നത്. ഭൂമിക്കൊരു ചരമഗീതം 1984-ൽ ആണ് ആദ്യമായി പ്രസിദ്ധീകരിച്ചത്. മലയാളമനസ്സ് ഇക്കാലമത്രയും ഈ കവിത സ്വന്തം ഹൃദയതാളമായി നെഞ്ചിലേറ്റി നടക്കുന്നു. ഈ കവിത ഉന്നയിക്കുന്ന ആധികൾ തീർക്കാൻ മനുഷ്യകുലത്തിനായില്ലെന്ന സങ്കടം നിലനില്ക്കുമ്പോഴും മനുഷ്യകേന്ദ്രീകതമായ കാഴ്ചയിൽ നിന്ന് പുതിയ ഒരു വാരിസ്ഥിതികാവബോധത്തിലേക്ക് സഞ്ചരിക്കാനുള്ള വെമ്പൽ ഇന്നുണ്ടെന്നത് ഇതിൽ വളരെ വ്യക്തമായി പരാമർശിക്കുന്നു.

എഴുതിയത്: അനഘ. കെ. കെ
8.A

# My Dear Mother

No one can take your place,
you are everything to me.
your hugs are warm,
and make me happy.
you nurse me whenever I am sick,
you feel me when an hungry,
you help me in my studies.
you are my guide,
whenever I go wrong you show me
the right path.

-Rinsha Yoonus-
9 G

# NATURE

-POEM

Oh!Beautiful is my nature
many variety of flower
Different colours of butterfly
show the beauty of nature
so many birds and animals
Liven together in the nature
it's river are beautiful
it's hills are beautiful
How beautiful my nature
How charming is my nature!
I love my nature
I love my nature

- ANAGHA.M
8 A

## SPRING

Out of cave !out of hole!
Bear rabbit, little mole,
Hatch from egg in next in trees!
The birds are pack and so are bees.
The flowers bloom. The leaves are green
How do they knew when its spring

Build your web!The bugs are back !
Little spider dressed in black.
Bears, rabbits, birds, and bees.
Flowers, grass, and trees,
just like me their face is warm,
That's how they know spring has come.

# ഏത്തപ്പഴം എന്ന നേന്ത്രപ്പഴം

ഓണമിങ്ങെത്തിപ്പോയി ഓണസദ്യയ്ക്ക് ഏറ്റവും പ്രധാനപ്പെട്ട ഉപ്പേരി,ശർക്കര ഉപ്പേരി ,അവിയൽ,തോരൻ,മെഴുക്കുപുരട്ടി,കിച്ചടി,കാളൻ,പായസം,പഴം നുറുക്ക് എന്നിവയ്ക്ക് ഏത്തക്കായ ഒരു പ്രധാനപ്പെട്ട ഘടകമാണ്.പഴംപൊരി,ഹൽവ,കേക്ക് എന്നിവ ഉണ്ടാക്കുകയും ഉണക്കി സൂക്ഷിക്കുകയും ചെയ്യും.

പച്ചക്കായ ഉണക്കിപ്പൊടിച്ച് കുറുക്കിയും പഴുത്തകായ പുഴുങ്ങിയും കനലിൽ ചുട്ടെടുത്തും കുട്ടികൾക്ക് കൊടുക്കാറുണ്ട്.ഏത്തവാഴയുടെ കൂമ്പ് പിണ്ടി എന്നിവ ഉപയോഗിച്ച് വിവിധതരം വിഭവങ്ങൾ ഉണ്ടാക്കാം.ഏത്തവാഴകളിൽ ഏറ്റവും പേരുകേട്ടത് തൃശ്ശൂർക്കാരുടെ പെങ്ങാലിക്കോടൻ ആണ്.ഉത്രാടം നാളിൽ അമ്പലങ്ങളിൽ നേർച്ചക്കുലയായ് ഇത് സമർപ്പിക്കപ്പെടുന്നു.പഴുക്കുമ്പോൾ സ്വർണനിറമാകുന്ന കായകൾക്ക് നല്ല മധുരമാണ്.

കോട്ടയം നേന്ത്രൻ,ചങ്ങനാശ്ശേരി നേന്ത്രൻ,മഞ്ചേരി നേന്ത്രന് ,പെങ്ങാലിക്കോടൻ, നെടുനേന്ത്രൻ, ആറ്റുനേന്ത്രൻ, കിന്റൽ നേന്ത്രൻ, മിന്റോലി നേന്ത്രൻ, സാൻസി ബാർ, ബിഗ് എബാംഗാ, കുഴി നേന്ത്രൻ, തൂച്ചി നേന്ത്രൻ, ഹോൺ പ്ലാന്റർ, സ്വർണ മുഖി, കല്ലേത്തൻ, പൂണൽ ഏത്തൻ, മൈസൂർ ഏത്തൻ, ഒറ്റ മുംഗിലി, നന നേന്ത്രൻ, പിണ്ടി ഏത്തൻ എന്നീ വാഴകൾ നേന്ത്ര വർഗത്തിൽ ഉള്ളവയാണ്.

-ഫാത്തിമ ഹെനാൻ -

ഹൈക്കു കവിത

## ജലം

എനിക്ക് നിറമില്ല
മണമില്ല,എന്നാൽ
ഞാൻ ഇല്ലെങ്കിൽ
ആരുമേയില്ല

ജിബിൻ,അതുൽ

## എന്റെ മലയാളം

ചിതറിക്കിടക്കുന്ന നറുമുത്തുപോലെ
ചിരിതൂകിയാടുന്ന തെങ്ങോലപോലെ
അമ്മയെന്ന രണ്ടക്ഷരത്തിൽ
ഉണർന്ന നറുമൊഴി മലയാളം.
കളകളമൊഴുകുന്ന നീർപുഴകൾപോലെ
പുഞ്ചിരിവിടർത്തുന്ന പൂക്കൾപോലെ
നിറഞ്ഞുകവിഞ്ഞുനിൽക്കുന്ന
നന്മൊഴി മലയാളം.
പാടുന്ന പാട്ടിൻ ഈണം പോലെ
ആടുന്ന നടനത്തിൻ താളം പോലെ
നന്മയായ് ഉണരുന്ന
ചിരിമൊഴി മലയാഴം.
അമ്മയുടെ അമ്മിഞ്ഞപ്പാലുപോലെ
പിഞ്ചുകുഞ്ഞിൻ പുഞ്ചിരിപോലെ
ചിരിതൂകി ഉണരുന്ന
കിളിമൊഴി മലയാളം.

-കീർത്തന.വി-

# ഘടികാരം

പഴയ വാച്ചുകൾ നന്നാക്കുന്ന ആ പഴയ കടയുടെ മൂലയ്ക്കുള്ള ചവറ് കൂമ്പാരത്തിൽ നിന്നാണ് അവർക്കത് കിട്ടിയത്. ആ പഴയ പെന്റുലം ക്ലോക്കിനെ കൗതുകത്തോടെ നോക്കി നിന്ന അവളോട് മനസ്സിന്റെ നല്ല പാതി ചോദിച്ചു... വേണോ. പുഞ്ചിരിയിൽ ഒതുങ്ങി മറുപടി. ആവശ്യക്കാരുണ്ടെന്നായപ്പോ മോഹമില്ല. എന്നാലും പൊടി തുടച്ച് ഒന്നു മെനയാക്കി വൈൻഡ് ചെയ്ത് മണി കേട്ടപ്പോ വിലയുടെ ഭാരം മറന്നു. ചുമരുഭരിച്ചടക്കിയ അവനെ കാണാൻ എന്താ ശേല്! ആദ്യ ദിനങ്ങൾ അങ്ങനെ പോയി. മണിയൊച്ചയുടെ സംഗീതാത്മകത നഷ്ടപ്പെടാൻ ഏറെ വൈകിയില്ല. അരയരശ്ശ മണിക്കൂർ വച്ച് ഇതിനിങ്ങിനെ നിലവിളിക്കേണ്ട കാര്യമെന്താ എന്നു വരെ എത്തി കാര്യങ്ങൾ. പിന്നെ അതും ജീവിതത്തിന്റെ ഭാഗം മാത്രമായ് തീർന്നു. എന്നാലും നാളും നാഴികയും കടന്ന് പോകുന്നതവൻ നിരന്തരം വിളിച്ചു പറഞ്ഞു. അവനെ നോക്കാതെ അവൾക്ക് നാളും നാഴികയും കടന്ന് പോകുന്നതവൻ നിരന്തരം വിളിച്ചു പറഞ്ഞു. അവനെ നോക്കാതെ അവൾക്ക് നാളും നാഴികയും തിരിയാതെയായി. ഒരോ മണിയിലും മിനിറ്റ് സൂചി ഒരോ മിനിറ്റ് പിൻ നടക്കുന്നതവൾ വൈകിയാണ് മനസ്സിലാക്കിയത്. അതാ ഒരു ദിവസം സമയം മുന്നോട്ട് പോകുന്നില്ല. തലേന്ന് രാത്രിക്കു ശേഷം ഒരു പക്ഷെ അവൻ ശ്വസനം നിർത്തിയതവൾ അറിയാത്തതെന്തേ തിരിച്ച് അവൻ പഴയ ലാവണത്തിലേക്ക്. സമയം മുന്നോട്ടും പിന്നോട്ടും പോകാതെ തൊണ്ടയിൽ കുടുങ്ങിയ പോലെ കുറേ നാൾ, കുറേ ഏറെ നാൾ. തിരിച്ചെത്തിയ അവൻ ഉഷാർ. ദിവസം കഴിഞ്ഞപ്പോൾ ഓരോ മണിക്കൂറിലും 12 മണി അടി. പിന്നെപ്പിന്നെ അവന്റെ കാലുകൾ പിന്നിലേക്ക് നടയായി. തടയാൻ ശ്രമിച്ച അവളെയും കാലിൽ കൊരുത്ത്

അവൻ പിന്നിലേക്കോടി. കണ്ടു മറന്ന മുഖങ്ങളെ പിന്നെയും കാണുന്നു. മറന്ന ഗന്ധം ശ്വസിച്ച് പഴയ മഞ്ഞ് പൊതിഞ്ഞ് പെയ്തൊഴിഞ്ഞ മഴയിൽ നനഞ്ഞ് മുന്നോട്ട്... അല്ല പിന്നോട്ട്... ഒരു ദിവസം പിറകിലേക്കോടിയ 3 സൂചിയും ഒന്നിച്ച് ചേർന്നു. പെട്ടെന്നവളുടെ കണ്ണുകൾ കൂമ്പി. വാടിയ ഗുൽമോഹർ ഇതളിന്റെ ചിരിയോടെ അവൾ നിത്യനിദ്രയിൽ അമർന്നു. മണ്ണിന്റെ തണുപ്പിലേക്കുടനവൾ പോകുമ്പോൾ അവൻ പിന്നെയും നടന്ന് തുടങ്ങി... ആദ്യം പിന്നോട്ടും പിന്നെ മുന്നോട്ടും.

-അമൃത. കെ-
9 B

# മിസ്ഡ് കോൾ

ഒരു വീട്ടിൽ സുധ എന്ന സ്ത്രീ ഉണ്ടായിരുന്നു. സുധയുടെ ഭർത്താവിന്റെ പേരാണ് കുട്ടൻ. ഒരു ദിവസം സുധ വീട്ടിൽ പണിയെല്ലാം കഴിഞ്ഞ് വെറുതെ ഇരിക്കുമ്പോൾ ഫോണിലേക്ക് ഒരു കോൾ വന്നു. സുധ ഫോൺ എടുത്ത് ആരാണ് എന്ന് ചോദിച്ചു. അപ്പോൾ ഒന്നും മിണ്ടിയില്ല. ആ കോൾ വീണ്ടും വന്നു. അപ്പോഴും ഒന്നും മിണ്ടിയില്ല. തുടർന്നും ഫോൺ വിളി വന്നു കൊണ്ടിരുന്നു. അവസാനം കുട്ടൻ വീട്ടിലെത്തിയപ്പോൾ സുധ കാര്യം പറഞ്ഞു. കുട്ടൻ അന്ന് രാത്രി ഫോൺ തന്റെ കൈയിൽ വച്ചു. അപ്പോൾ അതാ ഫോൺ വരുന്നു. പിറ്റേ ദിവസം കുട്ടൻ ഫോണും കൊണ്ട് നേരെ സൈബർ സെല്ലിലേക്ക് പോയി. അവിടെ ആളുകൾ നമ്പർ നോക്കി. അത് അയൽവാസി രാമു ആയിരുന്നു. അങ്ങനെ രാമുവിനെ പോലീസ് പൊക്കി. രാമു സ്ഥിരം ചെയ്യുന്ന ജോലി ആയിരുന്നു ഇത്. എല്ലാവരെയും വിളിച്ച് ശല്ല്യപ്പെടുത്തുക. അങ്ങനെയാണ് രാമുവിന്റെ ഭാര്യ രാമുവിനെ ഇട്ടേച്ച് പോയത്. പിന്നെ സുധയും കുട്ടനും ഒരു പ്രശ്നവും ഇല്ലാതെ ജീവിച്ചു.

അനഘ കെ.കെ
8.എ

# കൃഷിപ്പാട്ട്

പാടത്തെല്ലാം വിത്തുവിതച്ചു
വിത്തു മുളച്ചത് നാമ്പിട്ടേ
വളമിട്ടങ്ങനെ വെള്ളമൊഴിച്ചു
കായും കനിയും തിരിനീട്ടി
മുറവും മനവും നിറയെ കിട്ടി
വിളകൾ കണ്ണിനു കണ്ണീരായി
മാറേണം നാം കർഷകരായി
മാറാരോഗ മകറ്റീടാൻ
നല്ലൊരു നാളെ നട്ടുവളർത്താം
നന്നായി നമ്മൾ
പണിചെയ്താൽ!

അമർനാഥ്.കെ

# എന്റെ ഗ്രാമം

പച്ചപ്പുല്ലിൽ തംബുരു മീട്ടു-
മെന്നുടെ നാടൊരു സുന്ദരിയാ...
കാട്ടാറുകളും മലമേടുകളും,
ഓളം തുള്ളും ഗ്രാമത്തിൽ
നീലക്കുറുകയും അണിമുക്കുറ്റിയും
കാറ്റിൽ കിന്നരമാടുന്നു..
കൂകി നടക്കും കന്നിക്കുയിലും
പച്ചക്കിളിയും മൈനകളും
സ്വരനിർമ്മാല്യ താളം മീട്ടി
പുത്തനുണർവുകളേകുന്നു....
പൂന്തേൻ നുകരാൻ പാറി നടക്കും
പൂമ്പാറ്റകളും തുമ്പികളും .....
അമ്പലമുറ്റത്തു വീരനൊരാളായ്
കുട്ടിക്കൊമ്പൻ നിൽക്കുന്നേ..
കാടുകളും പൂമേടുകളും
നാടിൻ പൊരുളേകീടുന്നു..
പുത്തനുഷസ്സിൽ കുളിരു പുതച്ചൊരു
നാടാണെന്നുടെ പ്രിയനാട്.



-വിസ്മയ.പി-
9.D

# കുഞ്ഞിക്കുനൻ

-പി. നരേന്ദ്രനാഥ്-

ജന്മനാൽ തന്റെ കൂടപ്പിറപ്പുപോലെ കൂനുമായി ജനിച്ച ഒരു കൊച്ചു ബാലന്റെ കഥയാണിത്. ഞാൻ വായിച്ചതിൽ വച്ചേറ്റവും ഇഷ്ടമായ കഥ. കുഞ്ഞിക്കൂനൻ എന്നാണ് ഈ കഥയിലെ ബുദ്ധിമാന്റെ പേര്. ഇത് കുഞ്ഞിക്കൂനന്റെ കുട്ടിക്കാലത്തും കൗമാരകാലത്തും നടന്ന സംഭവങ്ങളുടെ കഥകൂടിയാണിത്. കുട്ടിയായിരിക്കുമ്പോൾ തന്നെ ഒരുപാട് കഷ്ടതകളേൽക്കേണ്ടിവന്നിരുന്നു കുഞ്ഞിക്കൂനന്. ഇതിനിടയിൽ രാജ്യത്തെ രക്ഷിക്കുക കൂടിയാണവൻ ചെയ്തത്. അതിനാൽ ചെറുപ്രായത്തിലെ "മന്ത്രി" എന്ന പദവി അവൻ ഏറ്റു വാങ്ങി. കുട്ടികളുടെ ഭാഷയിൽ അവതരിപ്പിച്ച ഈ ചെറുകഥ സ്നേഹവും നീതിബോധവും സമാധാനവും നിറഞ്ഞ ലോകമാണ്.

എഴുതിയത്: അനഘ. കെ. കെ

# കളഞ്ഞുപോയത് കിട്ടിപ്പോയ്

- സിതാര പോൾ-

യുദ്ധം, സംഘർഷം എന്നിവകൊണ്ട് മുഖ്യമായും ദുരിതമനുഭവിക്കുന്നത് കുട്ടികളാണ്. സഹജീവികളോട് സമാധാനവും സ്നേഹവും സഹവർത്തിത്വവും വിവേചനവുമൊക്കെ കൂടാതെ കുട്ടികളുടെ നിർദ്ദോഷമനസ്സുകളിൽ വളർത്തിയെടുക്കാൻ ഈ പുസ്തകം നിങ്ങളെ സഹായിക്കുന്നു. ഇതിൽ എനിക്കേറ്റവും ഇഷ്ടമായ വാചകം ഇതാണ്: 'ഹൃദയബന്ധങ്ങൾക്ക് മുൾവേലിയേക്കാൾ ശക്തിയുണ്ട്. ഈ മുള്ളുകൾ നമുക്കേവർക്കുമിടയിൽ നിന്ന് ഇല്ലാതാകുന്ന ഒരു ദിവസത്തിന് വേണ്ടി കാത്തിരിക്കും. ഏതൊരു വായനക്കാരുടെയും ഹൃദയസ്പർശിയായ ഈ വാക്കുകൾ " മുള്ളുവേലിയെ സ്നേഹ വേലിയായി മാറ്റുകയാണ് ചെയ്യുന്നത്.

എഴുതിയത്: അനഘ. കെ. കെ

8.A

# നിലാവും നക്ഷത്രങ്ങളും

രാത്രിയുടെ അന്ത്യമയാമങ്ങൾ, എങ്ങും കൂരിരുട്ട്. അവൾക്ക് ചുറ്റും വിജനതായായിരുന്നു. നിഴലുകൾ വീണ വഴിച്ചാലിലൂടെ അവൾ നടക്കുന്നു, ഇരുട്ടിലൂടെ തപ്പിതടഞ്ഞ്. എവിടെ നിന്നോ നായ്ക്കളുടെ ക്രൂരമായ ഓരിയിടൽ. മുമ്പിൽ കിട്ടിയാൽ അവ കൂട്ടത്തോടെ വന്ന് കടിച്ചുകീറും. എന്നും അവൾ വീടിനുള്ളിൽ ഭയത്തോടെ മാത്രം കേട്ടിരുന്ന ശബ്ദം. പക്ഷെ അവൾക്കിന്ന് അതും ഭയമില്ല. കാരണം, സർവ്വവും നഷ്ടപ്പെട്ടവൾ എന്തിനെ ഭയക്കാൻ, ആരെ ഭയക്കാൻ. ഒരു കാറപകടത്തിലൂടെ അവൾക്ക് നഷ്ടപ്പെട്ടത് അവളുടെ എല്ലാമായിരുന്നു. തന്റെ കൊച്ചനുജൻ അടക്കമുള്ള കുടുംബത്തെയായിരുന്നു. അവളുടെ മനസ്സിൽ ഓർമ്മകൾ തിങ്ങിനിറഞ്ഞു. അച്ഛൻ, അമ്മ, മുത്തശ്ശി, അനിയൻ. ഇന്നോ, താൻ ഏറ്റെടുക്കാൻ ആരുമില്ലാതെ അനാഥ. എന്തേ വിധി തന്നെ മാത്രം ബാക്കിയാക്കി.അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി. ആ എട്ട് വയസ്സുക്കാരിയുടെ ജീവിതം തീർന്നുപോയിരിക്കുന്നു. സ്വന്തമായി വീടില്ല, ബന്ധുക്കളില്ല. വാടക വീട്ടിൽ നിന്നും ഒഴിഞ്ഞുകൊടുക്കാൻ ഇനിയും രണ്ടു ദിവസങ്ങൾ കൂടിയുണ്ടായിരുന്നു. പക്ഷെ, ആ വീട്ടിൽ നിൽക്കാൻ അവൾക്ക് സാധിക്കില്ല. അമ്മയുടെ വാത്സല്യം നിറഞ്ഞ വാക്കുകൾ, കൊച്ചനുജന്റെ കളിചിരികൾ, മുത്തശ്ശിയുടെ കഥകൾ, അച്ഛന്റെ ശബ്ദം, കളികൾ, ചിരികൾ... എല്ലാം അവളുടെ കാതിൽ അലയടിക്കുന്നു. ഉറക്കത്തിൽ നിന്ന് ഞെട്ടിയുണർന്ന് ഒരു ഭ്രാന്തിയെപ്പോലെ അവൾ ആ വീട്ടിൽ നിന്നും ഓടിയിറങ്ങി. എങ്ങോട്ടെന്നില്ലാതെ, അവൾ നടക്കുന്നു. മുമ്പിൽ കണ്ട പാതയിലൂടെ. നല്ല നിലാവ്, അവൾ മുകളിലേയ്ക്ക് നോക്കി. ധാരാളം നക്ഷത്രങ്ങൾ. മരിച്ചു പോയവരൊക്കെ നക്ഷത്രങ്ങളാകുമെന്ന് അമ്മ പറഞ്ഞതൊരിവവൾക്കുണ്ട്. അവൾ നിറകണ്ണുകളോടെ നക്ഷത്രങ്ങളെ നോക്കി. പക്ഷെ, എന്തേ ഈ നക്ഷത്രങ്ങളും ഒക്കെ മുഖം വാടിയിരിക്കുന്നു. അറിയില്ല, അവൾ സ്വയം മന്ത്രിച്ചു. പക്ഷെ ആ നക്ഷത്രങ്ങളെ കണ്ടപ്പോൾ അവൾക്കൊരാശ്വാസം. തന്റെ വേണ്ടപ്പെട്ടവരെ. ആരെയൊക്കെയാ കണ്ടു എന്നൊരു തോന്നൽ. നാട്ടുവഴികൾ പിന്നിട്ട് അവൾ റോഡിലെത്തിയിരിക്കുന്നു. പക്ഷെ അവളൊന്നും അറിയുന്നില്ല. അവൾ

ലക്ഷ്യം ഇല്ലാതെ നടക്കുകയാണ്. പെട്ടെന്ന് ചീറിപ്പാഞ്ഞു വന്ന ലോറി അവളെ തട്ടി, അവൾ ആകാശത്തോളമുയർന്ന് റോഡിലേയ്ക്ക് പതിച്ചു. റോഡിൽ വീണു കിടക്കുമ്പോൾ അവൾ കണ്ടത് തന്റെ തലപൊട്ടി റോഡിലൂടെ ഒഴുകിവരുന്ന രക്തമാണ്. ചുറ്റും ആളുകൾ ഓടിക്കൂടുന്നു. തന്റെ അന്തിമനിമിഷങ്ങൾ. തന്റെ ശരീരത്തിൽ നിന്നും എന്തോ ഒന്ന് വേർപ്പെട്ടുപോകുന്നതുപോലെ അവൾക്കു തോന്നി. അവൾ മുകളിലേയ്ക്ക് നോക്കി. നേരത്തെ കണ്ണീർവാർത്ത നക്ഷത്രങ്ങൾ ഇപ്പോൾ പൊട്ടിച്ചിരിക്കുന്നുവോ? എന്തോ മനസ്സിലായിട്ടെന്നപോലെ അവളുടെ മുഖത്തും ഒരു പുഞ്ചിരി വിടർന്നു. അവൾ തന്റെ അവസാനശ്വാസം വലിച്ചെടുത്തു. അപ്പോഴേയ്ക്കും അവളുടെ ശരീരത്തിൽ നിന്നെന്തോ പൂർണ്ണമായും വേർപ്പെട്ടു കഴിഞ്ഞിരുന്നു. അവളുടെ കണ്ണുകൾ മെല്ലെയടഞ്ഞു. എല്ലാം കൂടി കുറച്ച് നിമിഷങ്ങൾ മാത്രം. തീവ്രഭാവം ഒളിപ്പിച്ചു വച്ച ഒരു സമുദ്രം പോലെ പിന്നെയെല്ലാം ശാന്തം. പക്ഷെ അപ്പോഴും ആകാശത്ത് നക്ഷത്രങ്ങൾ പൊട്ടിച്ചിരിക്കുന്നുണ്ടായിരുന്നു. ജീവിതത്തോടുള്ള പരിഹാസമെന്നപ്പോലെ അവളുടെ മുഖത്തും ആ പുഞ്ചിരി മായാതെ നിന്നിരുന്നു.

# മേന്മയുള്ള തടി

ധർമ്മപുരിയിലെ രാജാവായിരുന്നു ദേവദത്തൻ. രാജാവിന്റെ സേവകരിൽ മഹാമണ്ടനായിരുന്നു രഘുറാം എന്ന ഭടൻ. ഒരു ദിവസം രാജാവ് രഘുറാമിനോട് പറഞ്ഞു: പുതിയ മന്ദിരം നിർമ്മിക്കാൻ മുഴകളും പാടുകളും ഇല്ലാത്ത നല്ല മിനുസമുള്ള തടി കൊണ്ടുവരൂ.

രഘുറാം ഉടൻതന്നെ ഉരുണ്ട തടികൾ തേടിയിറങ്ങി. പക്ഷെ, എവിടെയും രാജാവ് പറഞ്ഞപ്പോലുള്ള തടി കണ്ടില്ല. അവസാനം നിരാശയായി രഘുറാം കൊട്ടാരത്തിലേക്ക് മടങ്ങുമ്പോൾ അവൻ ഒരു തോട്ടം കണ്ടു. അവിടെയുള്ള മരങ്ങൾ കണ്ട് അയാളുടെ കണ്ണുകൾ നിറഞ്ഞു. രാജാവ് പറഞ്ഞ പ്രകാരമുള്ള തടികൾ. നല്ല മിനുസമുള്ള മുഴകളും പാടുകളും ഇല്ലാത്ത നല്ല ഉഗ്രൻ തടികൾ വേഗം രഘുറാം മുറിച്ച് കൊട്ടാരത്തിലെത്തിച്ചു. താൻ കൊണ്ടുവന്നത് രാജാവിനു കാഴ്ച്ച വെച്ചു. അതുകണ്ട് രാജാവ് പൊട്ടിച്ചിരിച്ചു: കൊള്ളാം. ഉഗ്രൻ തടികൾ. ഉരുണ്ട നല്ല വാഴത്തടികൾ. വാഴകൊണ്ട് ഏതെങ്കിലും മന്ദിരം ഉണ്ടാക്കിയതായി നീ കേട്ടിട്ടുണ്ടോ. മണ്ടാ... മരമണ്ടാ... രാജാവിന്റെ ചോദ്യം കേട്ട് രഘുറാം അവിടെ നിന്നും വേഗം തടിതപ്പി.

**-മർവ്വാ ഫാത്തിമ-**
**9 C**

# ഒരു ഓടയുടെ തേങ്ങൽ

പട്ടണത്തിലെ ഒരു നഗരം. അവിടെ പലവിധക്കാരായ മനുഷ്യർ. പല മോഡലുകളിലുള്ള വാഹനങ്ങൾ അതിനിടയ്ക്ക് ശ്രദ്ധിക്കാതെ പോയ ഒരു കഥാപാത്രം. അയാളുടെ പേര് രാമു. ഒരു റിക്ഷക്കാരൻ കണ്ടാൽ 52 വയസ്സ് തോന്നിക്കുന്ന ഒരാൾ. ഇയാൾ അവിവാഹിതനാണ്. അതിനാൽ അയാൾക്ക് കുടുംബമില്ല. ഇയാളുടെ വാസസ്ഥലം ഒരു ഓടയുടെ അടുത്തുള്ള കടത്തിണ്ണയിലാണ്. ചുക്കിച്ചുളിഞ്ഞ ഒരു മഞ്ഞനിറമുള്ള ഷർട്ടും ഒരു കാവിമുണ്ടുമായിരുന്നു അയാൾ ധരിച്ചിരുന്നത്. അത്രയേറെ വാഹനങ്ങൾ അവിടെ ഉണ്ടായിട്ടും എല്ലാവരും രാമുവിന്റെ റിക്ഷയിലാണ് യാത്രചെയ്തിരുന്നത്, കാരണം രാമു തന്റെ റിക്ഷ മറ്റു വണ്ടികൾക്കിടയിലൂടെ മിന്നൽ വേഗത്തിൽ ഓടിച്ചു പോകുമായിരുന്നു. ഒരു ദിവസം ഒരു പെൺകുട്ടി വാഹനത്തിനു നേരെ കൈനീട്ടി. എന്നാൽ ഒരാളും വാഹനം നിർത്തിയില്ല. അവശനായ അവൾ ഒരു ബസ്സ്റ്റോപ്പിൽ ഇരുന്നു. ആ സമയം അവിടെ ഇരുന്ന ഒരാളോട് അവൾ ചോദിച്ചു.

" ചേട്ടാ എനിക്കൊരു വണ്ടി പിടിച്ച് തരുമോ? കാൽവേദനകൊണ്ട് നടക്കാൻ വയ്യ."

" ഞാൻ ഇപ്പോൾ ഒരു വാഹനം വിടാം. അതു വരെ ഇവിടെ വിശ്രമിച്ചോളൂ."

കുറച്ച് സമയം കഴിഞ്ഞപ്പോൾ ഒരു റിക്ഷ അവളുടെ മുന്നിൽ വന്നു. അതിൽ ആദ്യം പരിചയപ്പെട്ട ആളെ അവൾ കണ്ടു. അയാൾ പറഞ്ഞു.

" കയറിക്കോളൂ ചേച്ചീ."

അവൾ പറഞ്ഞു:

" എനിക്ക് ഇവിടെ നിന്ന് അനങ്ങാൻ വയ്യ."

" ഞാൻ സഹായിക്കാം."

"രാമൂ നോക്കണം ചേച്ചിയുടെ കാലിന് വയ്യ. കുറച്ച് പതുക്കെ പോയാൽ മതി."

"ശരി."

അങ്ങനെ രാമു അവരെ റിക്ഷയിൽ കയറ്റി യാത്ര തിരിച്ചു. അവരെ വീട്ടിലെത്തിച്ചു. ഓടി ക്ഷീണിതനായ രാമു കുറച്ച് വെള്ളം കുടിച്ച് വിശ്രമിച്ചു.

ഉണർന്നപ്പോഴാണ് അയാൾ സമയം നോക്കിയത്. അയാൾ ഞെട്ടി ഉണർന്നു. 12 മണിയോ? അയാൾ ഉറക്കത്തിൽ നിന്ന് ഉണർന്ന് റിക്ഷയുമെടുത്ത് യാത്ര തുടങ്ങി. ഓട്ടത്തിൽ അയാൾ മറ്റൊന്നും ചിന്തിച്ചില്ല. അയാളുടെ റിക്ഷ ഒരു കുട്ടിയെ ഇടിച്ചു. അവൾ അടുത്തുള്ള ഓടയിലേക്ക് തെറിച്ചുവീണു. അവൾ ആർത്ത് കരഞ്ഞു. രാമു റിക്ഷ നിർത്തി കുട്ടിയുടെ അടുത്തേക്ക് പോയി. അവളെ വാരിയെടുത്തു. ശരീരത്തിലെ അഴുക്കെല്ലാം തുത്തുകളഞ്ഞു. അവളുടെ തലയിൽ നിന്ന് രക്തം വരുന്നത് കണ്ട് അയാൾ കരഞ്ഞുപോയി. കാരണം അയാൾക്ക് ഇതുവരെ ഇങ്ങനെയുള്ള ഒരനുഭവം ഉണ്ടായിട്ടില്ല. അവളെ എടുത്ത് അയാൾ ആശുപത്രിയിലേക്ക് ഓടി. അയാൾ അവളോട് ചോദിച്ചു.

" നിന്റെ വീട് എവിടെയാ."

അവൾ ഒന്നും മിണ്ടിയില്ല.

വീടെവിടെയാ, അമ്മയുടെ പേരെന്താ അവൾ ഒന്നും മിണ്ടാത്തത് കണ്ടപ്പോൾ അയാൾക്ക് സങ്കടമായി.

വീണ്ടും അയാൾ ചോദിച്ചു. പേരെന്താ?

അവൾ പറഞ്ഞു: "മീനു"

"നിനക്ക് വീടൊന്നുമില്ലേ?"

"ഇല്ല"

അവൾ പറഞ്ഞു.

എനിക്ക് ആകെ ഉണ്ടായിരുന്നത് എന്റെ അമ്മയാണ്. അമ്മയ്ക്ക് തീപ്പെട്ടിക്കമ്പനിയിലായിരുന്നു ജോലി. കുറച്ച് ദിവസം മുമ്പ് തീപ്പെട്ടിക്കമ്പനിക്ക് തീപിടിച്ചു. അതിൽ എന്റെ അമ്മയും മരിച്ചു. അങ്ങനെ ആരുമില്ലാതെ തെരുവിൽ അലയുകയായിരുന്നു ഞാൻ. നീ പേടിക്കേണ്ട. രാമു സങ്കടത്തോടെ പറഞ്ഞു. ഇനി മുതൽ നീ എന്റെ മകളാ. എന്റെ മാത്രം .അവൾ സന്തോഷിച്ചു. ഒരു മകളെ കിട്ടിയതിൽ അയാളും സന്തോഷവാനായി. അങ്ങനെ രാമുവിനെ സ്നേഹിക്കാൻ ഒരു മകൾ വന്നു. അവളുടെ ജീവിതത്തിന് അർത്ഥം ലഭിച്ചു. അയാൾക്ക് ജീവിക്കണമെന്ന പ്രതീക്ഷ ഉണ്ടായി.

- ഗോപിക.കെ-

8.E

ഞങ്ങൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ കുറച്ചു ദിവസങ്ങൾ ഉപയോഗിച്ചാണ് ഈ മാഗസിൻ തയ്യാറാക്കിയത്.വളരെയേറെ പിന്തുണ സ്കൂളിലെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും അടുത്തു നിന്നുണ്ടായിരുന്നു.കുറഞ്ഞദിവസംകൊണ്ട് ചെയ്തു മാഗസിൻ ആയതിനാൽ ഇതിൽ എന്തു തെറ്റുകൾ ഉണ്ടായാലും ക്ഷമ ചോദിക്കുന്നു.എല്ലാവരുടെയും സഹായത്തിനും സഹകരണത്തിനും നന്ദി അർപ്പിക്കുന്നു.

എന്ന്
ചീഫ് എഡിറ്റർ
അമർനാഥ്.കെ

ശുഭം